H3B3915/2025
23/09/25

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

കുറ്റൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്യേ കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA/PTA/P4/990/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 19/09/2025
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

മെമ്പർ സെക്രട്ടറി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കറ്റർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കറ്റർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കറ്റർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്മേലും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

മെമ്പർ സെക്രട്ടറി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/PTA/P4/990/2025 തീയ്യതി: 19/09/2025

പത്തനംതിട്ട ജില്ലയിലെ കടപ്ര ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ കടപ്ര ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 04-08-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ അനിൽകുമാർ ടി	ഡെപ്യൂട്ടി ഡയറക്ടർ	25-07-2025	04-08-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
25-07-2025	04-08-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ പ്രദീപ്കുമാർ എൻ, ഓഡിറ്റ് ഓഫീസർ(ഹ ഗ്രേ)
ശ്രീമതി സ്മിത ടി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ അനിൽകുമാർ പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി കാവ്യ കൃഷ്ണൻ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി അനുരാധ സുരേഷ്	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീമതി സുനിത ആർ. പണിക്കർ	സെക്രട്ടറി	01-04-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ബിന്ദു സി.	അസിസ്റ്റന്റ് സെക്രട്ടറി	01-04-2024	31-03-2025
ശ്രീമതി സ്വപ്ന ചന്ദ്രൻ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2024	17-08-2024
ശ്രീമതി ബേനസീർ മീരാൻ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	18-08-2024	31-03-2025
ഡോ. ജയന്ത് ജോൺ മത്തായി	മെഡിക്കൽ ഓഫീസർ (അലോപ്പതി)	01-04-2024	31-03-2025
ഡോ. ലക്ഷ്മി എസ്.	മെഡിക്കൽ ഓഫീസർ (ഹോമിയോപ്പതി)	01-04-2024	31-03-2025
ഡോ. വീണ ആർ.	മെഡിക്കൽ ഓഫിസർ (ആയുർവ്വേദം)	01-04-2024	31-03-2025
ഡോ. പ്രീതി ഉമ്മൻ	വെറ്റിനറി സർജൻ	01-04-2024	09-01-2025
ഡോ. സതീഷ് കുമാർ പി.എസ്.	വെറ്റിനറി സർജൻ	10-01-2025	31-03-2025
ശ്രീമതി ശിൽപ പ്രദീപ്	ഫീഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	31-03-2025
ശ്രീ. ശ്രീജിത്ത് എസ്.	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2024	12-08-2024
തസ്തിക ഒഴിവ്	ഡയറി ഫാം ഇൻസ്ട്രക്ടർ	13-08-2024	05-02-2025
ശ്രീമതി ചന്ദ്രലേഖ	ഡയറി ഫാം	06-02-2025	12-03-2025

ഹീസ്.	ഇൻസ്ട്രക്ടർ (ഇൻ ചാർജ്)		
ശ്രീ. ചൻസൂർ എസ്.	ഡയറി ഫാം ഇൻസ്ട്രക്ടർ	13-03-2025	31-03-2025
ശ്രീമതി മറിയാമ്മ ജോസഫ്	ഹെസ്മിസ്ട്രസ്	01-04-2024	31-03-2025
ശ്രീ. എബ്രഹാം പി. എസ്.	വി.ഇ,ഒ (തെങ്ങേലി സർക്കിൾ)	01-04-2024	31-03-2025
ശ്രീ. അനീഷ് ആർ.	വി.ഇ.ഒ (കുറ്റൂർ സർക്കിൾ)	01-04-2024	18-09-2024
ശ്രീമതി മീര നമ്പൂതിരി	വി.ഇ.ഒ (കുറ്റൂർ സർക്കിൾ)	19-09-2024	30-11-2024
ശ്രീ. എബ്രഹാം പി. എസ്.	വി.ഇ.ഒ- ഇൻ ചാർജ് (കുറ്റൂർ ഡർക്കിൾ)	01-12-2024	28-01-2025
ശ്രീ. വിഭു രാമനാഥൻ	വി.ഇ.ഒ (കുറ്റൂർ സർക്കിൾ)	29-01-2025	31-03-2025
ശ്രീ. വിജയകൃഷ്ണൻ ജി.	അസിസ്റ്റന്റ് എൻജിനീയർ	01-04-2024	19-09-2024
ശ്രീ. അനന്ദു കൃഷ്ണൻ എം.	അസിസ്റ്റന്റ് എൻജിനീയർ	20-09-2024	31-03-2025
ശ്രീമതി താര മോഹൻ	കൃഷി ഓഫീസർ	01-04-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-1
3	വരവിനങ്ങളുടെ ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല	1-1-2
4	ആസ്തികളുടെ മൂല്യം കൃത്യമായി കണക്കാക്കിയില്ല	1-1-3
5	നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗ വിവരം ഉൾപ്പെടുത്തി കണക്കുകൾ ക്രമീകരിച്ചില്ല	1-1-4
6	മൂലധന വിനിയോഗത്തിന്റെ മുന്നിരിപ്പ് കണക്കാക്കിയിട്ടില്ല	1-1-5
7	തനത് ഫണ്ട് ചെലവ് പൂർണ്ണമായും ഉൾപ്പെടുത്തി ക്രമീകരിച്ചില്ല	1-1-6
8	ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിക്കുന്ന ഗുണഭോക്തൃ വിഹിതം അക്കൗണ്ട് ചെയ്തില്ല	1-1-7
9	ബജറ്റ്	1-2
10	സാമ്പത്തിക വിശകലനം	1-3
11	ഫണ്ട് വിനിയോഗം	1-4
12	പദ്ധതി അവലോകനം	1-5
13	തൊഴിലുറപ്പ് പദ്ധതി	1-6
14	ക്ഷേമപദ്ധതികൾ	1-7
15	ക്യാഷ് ബാലൻസ് പരിശോധന	1-8
16	ആഭ്യന്തര നിയന്ത്രണം	1-9
17	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
18	വസ്തുനികുതി നിർണ്ണയത്തിൽ അപാകതകൾ	1-11
19	വസ്തുനികുതി പുനർ നിർണ്ണയം പൂർത്തിയാക്കിയില്ല	1-12
20	വസ്തു നികുതി കുടിശ്ശികയുള്ള കെട്ടിടങ്ങൾ കോർട്ട് സ്റ്റേ വിഭാഗത്തിൽ തെറ്റായി ഉൾപ്പെടുത്തി	1-13
21	അഗ്നിരക്ഷാ വകുപ്പിന്റെ നിരാക്ഷേപപത്രം ലഭിച്ചിട്ടില്ലാത്ത കെട്ടിടം ക്രമവൽക്കരിച്ചു	1-14
22	വാടകക്കുടിശ്ശിക-6,77,670 രൂപ തിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു	1-15
23	കടമുറികൾ വാടകക്കാരില്ലാതെ ഒഴിഞ്ഞുകിടക്കുന്നു - വരുമാന നഷ്ടം	1-15-1
24	ജലസ്രോതസ്സിൽ മാലിന്യം നിക്ഷേപിച്ചത് കണ്ടെത്തി-നോട്ടീസ് നൽകിയെങ്കിലും പിഴ ഈടാക്കിയില്ല	1-16
25	കരാർ ലംഘനത്തിന് ചുമത്തിയ പിഴ ഈടാക്കിയില്ല	1-17

26	ജീവനക്കാരിൽ നിന്നും തൊഴിൽനികുതി - ഈടാക്കാനവശേഷിക്കുന്നു	1-18
27	തൊഴിൽ നികുതി, ലൈസൻസ്- ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല- പിരിവിൽ കുറവ്	1-19
28	കമ്മ്യൂണിറ്റി ഹാൾ വാടക - ബൈലോ തയ്യാറാക്കി സർക്കാരിന്റേ അംഗീകാരം വാങ്ങിയിട്ടില്ല	1-20
29	പട്ടികജാതി വിഭാഗത്തിന് ശ്മശാനം - 20 ലക്ഷം ചെലവഴിച്ചു - പദ്ധതി സ്തംഭനാവസ്ഥയിൽ	1-21
30	വഴിമുട്ടിയ അങ്കണവാടി	1-22
31	മരിച്ചവർക്കും ക്ഷേമപെൻഷൻ: സർക്കാർ ഖജനാഡിന് നഷ്ടം - രജിസ്റ്റർ അപൂർണ്ണം	1-23
32	പഞ്ചായത്ത് ലൈബ്രറിയോട് അവഗണന	1-24
33	ഇല്ലാത്ത ശിശുവിഹാറിന് വേണ്ടി ജീവനക്കാർക്ക് ശമ്പളം നൽകുന്നു	1-25
34	സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി ആവിഷ്കരിച്ച പ്രോജക്ടുകൾ ഏറെയും നടപ്പാക്കിയില്ല	1-26
35	ഇ-ടെണ്ടർ നടപടികളുടെ സുതാര്യത ഉറപ്പുവരുത്തിയില്ല	1-27
36	ഇ.എം.എസ് ഹൌസിംഗ്-രിഷ്ക്രിയമായി കിടക്കുന്ന തുക ഭവനനിർമ്മാണത്തിഗ് വിനിയോഗിക്കേണ്ടതാണ്	1-28
37	സ്റ്റാഫ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല	1-29
38	വില്ലേജ് ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വൈദ്യുത ചാർജ് കുടിശിക തനതു ഫണ്ടിൽ നിന്ന് ഒടുക്കു വരുത്തി	1-30
39	ടൂറിസം സാദ്ധ്യതകൾ പ്രയോജനപ്പെടുത്താവുന്ന മതിരംപുഴ ചാൽ	1-31
40	മെൻസ്ട്രൽ കപ്പ്- വാങ്ങിയവ പൂർണ്ണമായും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തില്ല	1-32
41	ലൈഫ് ഭവന പദ്ധതി: ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുസു	1-33
42	അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങളിൽ അപര്യാപ്തത	1-34
43	യോഗ നടപടികളുടെ രിനിട്സ് അംഗീകരിക്കുന്നതിൽ കാലതാമസം	1-35
44	തെരുവ് വിളക്ക് വാങ്ങൽ- നടപടിക്രമങ്ങളിൽ അപാകം	1-36
45	ഹെൽത്ത് ഗ്രാന്റ് വിനിയോഗം- അവലോകനം	1-37
46	ജലജീവൻമിഷൻ പദ്ധതി - നിർവ്വഹണം പാതിവഴിയിൽ മുടങ്ങി	1-38

ഭാഗം 2

1	ജലസ്രോതസ്സിൽ മാലിന്യം നിക്ഷേപിച്ചത് കണ്ടെത്തിയെങ്കിലും പിഴ ഈടാക്കിയില്ല- വരവ് ഗഷ്ടം	2-1

ഭാഗം 3

··· No Records Found ···

ഭാഗം 4

1	മെഡിസെപ് പ്രീമിയം ഒടുക്ക് വിവരങ്ങൾ	4-1
2	വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം	4-2
3	നംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	ഗിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം	4-4
5	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം	4-5
6	വായ്പ/വായ്പാ തിരിച്ചടവ്	4-6
7	സ്ഥിരനിക്ഷേപം	4-7
8	ഓഡിറ്റ് രിക്കവറി	4-8
9	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ	4-9
10	ചാർജ്, സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-12

അനുബന്ധം

1	ഓഡിറ്റ് സാക്ഷ്യപത്രം
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഭാഗം -I

പൊതു അവലോകനം

I-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

i. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2018, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച്-ലെ 1(1) നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി പിഞ്ചുനൽകുന്ന രേഖകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കറ്റർ ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31/03/2025 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെക്കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ടെന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സ്ഥൂലാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്കും വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കറ്റർ ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

പത്തനംതിട്ട
19/09/2025

I-1-1 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ഇനങ്ങൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 41,53,346 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 5,65,626 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം രണ്ട് ഇനങ്ങളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് ലഭ്യമാക്കിയ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ രണ്ട് ഇനങ്ങൾ പൊരുത്തപ്പെടുന്നില്ല.

I-1-2 വരവിനങ്ങളുടെ ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല

അക്രുവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് എൻട്രികൾ വർഷാരംഭത്തിൽതന്നെ രേഖപ്പെടുത്തേണ്ടതും, തുടർന്ന് എല്ലാ മാസങ്ങളിലും ആവശ്യ പുതുക്കേണ്ടതുമാണ്. എന്നാൽ വരവിനങ്ങളുടെ ഡിമാന്റ് എൻട്രികൾ വർഷാവസാനം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തൊഴിൽനികുതി, ലൈസൻസ് ഫീസ് എന്നിവയുടെ

വരവ് തന്നെ ഡിമാന്റ് ആയി രേഖപ്പെടുത്തുകയാണ് ചെയ്തത്. വാർഷിക കണക്കുകളിലെ ഡിമാന്റ് ഇക കൃത്യമല്ല.

1-1-3 ആസ്തികളുടെ മൂല്യം കൃത്യമായി കണക്കാക്കിയില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ് ഷീറ്റിൽ പ്രതിഫലിപ്പിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ വിവരം, അവയുടെ മൂല്യം എന്നിവ ആസ്തി രജിസ്റ്ററിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

1-1-4 നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗ വിവരം ഉൾപ്പെടുത്തി കണക്കുകൾ ക്രമീകരിച്ചില്ല

വിവിധ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ചതും, വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതുമായ തുകകളുടെ കൃത്യമായ വിവരങ്ങൾ അഡ്വാൻസ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനനുസരിച്ച് വിവിധ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ച തുകയിൽ ക്രമീകരിക്കാനുള്ള തുക വാർഷിക ധനകാര്യ പത്രികയിൽ കൃത്യമായി കണക്കാക്കിയിട്ടില്ല.

1-1-5 മൂലധന വിഹിതത്തിന്റെ മുന്നിരിപ്പ് കണക്കാക്കിയിട്ടില്ല

മൂലധന വിഹിതം (Capital Contribution): 01/04/2024-ലെ മുന്നിരിപ്പിന്റെ വിശദാംശം ഫണ്ട് അടിസ്ഥാനത്തിലും സാമ്പത്തിക വർഷം അടിസ്ഥാനത്തിലും ലഭ്യമല്ല. മൂലധന വിഹിതത്തിന്റെ മുന്നിരിപ്പ് ഫണ്ട് അടിസ്ഥാനത്തിൽ വേർതിരിച്ച് വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല.

1-1-6 തനത് ഫണ്ട് ചെലവ് പൂർണ്ണമായും ഉൾപ്പെടുത്തി ക്രമീകരിച്ചില്ല

ജനപ്രതിനിധികളുടെ 2025 മാർച്ച് മാസത്തെ ഓണറേറിയം, 31/03/2025 വരെയുള്ള കണ്ടിജന്റ് ചെലവുകൾ എന്നിവ 2024-25-ൽ Payable ആയി ക്രമീകരിച്ച് അക്കൗണ്ട് ചെയ്തില്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ടുകൾ) ചട്ടങ്ങളിലെ ചട്ടം 27 പ്രകാരം അതാത് വർഷ ചെലവുകൾ വർഷാവസാനം Payable ആയി ക്രമീകരിക്കേണ്ടതായിരുന്നു.

1-1-7 ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിക്കുന്ന ഗുണഭോക്തൃ വിഹിതം അക്കൗണ്ട് ചെയ്തില്ല

വാർഷിക പദ്ധതിയിൽ ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിക്കുന്ന ഗുണഭോക്തൃ വിഹിതം വാർഷിക കണക്കിന്റെ ഭാഗമായി അക്കൗണ്ട് ചെയ്തിട്ടില്ല.

1-2 ബജറ്റ്

കടൂർ ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള ബജറ്റ് ഭരണസമിതിയുടെ 13/02/2024-തീയതിയിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് സംഗ്രഹം ചുവടെ ചേർക്കുന്നു.

മുന്നിരിപ്പ്	1434030
വരവ്	178830000
ആകെ	180264030
ആകെ ചെലവ്	178091400
നീക്കിയിരിപ്പ്	2172630

1-3 സാമ്പത്തിക വിശകലനം

	റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം	ലെർകം & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം
മുന്നിരിപ്പ്	1292629	
വരവ്	35838352	11454099
ആകെ	47130981	
ചെലവ്	31685006	11624009
നീക്കിയിരിപ്പ്	15445975	

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്	ലാപ്സായ തുക

വികസന ഫണ്ട് (ജനറൽ)		1901780	1901780	1901780		
വികസന ഫണ്ട് (എസ്.സി.പി)		6470000	6470000	1396591		3073409
വികസന ഫണ്ട് (ടി.എസ്.പി)		0	0	0		
ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്)	3365327	4722069	8087396	3392544	4694852	
ധനകാര്യകമ്മീഷൻ ഗ്രാന്റ് (ബേസിക്)	2103576	2225917	4329493	1782347	2547146	
മെയിന്റനൻസ് ഗ്രാന്റ് (റോഡ്)		1989000	1989000	6652726	5336274	
മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)		4530000	4530000	4299431		239569
പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് - ഇനം തിരിച്ച്						
ഹെൽത്ത് ഗ്രാന്റ്- Support For Diagnostic infrastructure	809299	357302	1166601	670555	496046	
ഹെൽത്ത് ഗ്രാന്റ് - Conversion Of PHC's And Sub Centers To FHC's	116614	545593	662207	110427	551780	
സംസ്ഥാനാവിഷ്കൃത ഫണ്ട് - ഇനം തിരിച്ച്						
ശുചിത്വമിഷൻ ഗ്രാന്റ്	649342	0	649342	20450	620892	
കേന്ദ്രാവിഷ്കൃത ഫണ്ട് - ഇനം തിരിച്ച്						
തൊഴിലുറപ്പ് പദ്ധതി	1554	1587820	1589374	1445924	143450	
ഐ.സി.ഡി.എസ് കേന്ദ്രവിഹിതം	855192	1454564	2309756	507067	1802689	
സ്വച്ഛഭാരത് മിഷൻ ഫണ്ട്	0	120000	120000	120000	0	
മറ്റിനം ഫണ്ട്						
ഇനമൊന്നുവിഹിതം	150	238120	238270	238270	0	

ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ 12 ഗഡുക്കളായി ആകെ 1,36,77,780 രൂപ ലഭിച്ചിട്ടുണ്ട് ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകളുടെ വിവരം ചുവടെ ചേർക്കുന്നു.

1. മൈഫ് മുഖേന പദ്ധതിയ്ക്കായി എടുത്ത വായ്പയുടെ തിരിച്ചടവ് ഇനത്തിൽ സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത 5,19,388 രൂപ കൂടി മേൽസൂചിപ്പിച്ച കണക്കുകളിൽ പൊതുവിഭാഗം വികസനഫണ്ടിന്റെ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ SI ഇക ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വരവിൽ ഉൾപ്പെട്ടിട്ടില്ല.

2. അങ്കണവാടി വർക്കർമാരുടെ ഹോണറേറിയം ഇനത്തിൽ സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത 8,76,000 രൂപ കൂടി മേൽസൂചിപ്പിച്ച കണക്കുകളിൽ പൊതുവിഭാഗം വികസനഫണ്ടിന്റെ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ SI ഇക ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വരവിൽ ഉൾപ്പെട്ടിട്ടില്ല.

3. ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് ഇനത്തിൽ അക്കൗണ്ടിൽ പലിശ ആയി ലഭിച്ച തുക കൂടി മേൽസൂചിപ്പിച്ച കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പലിശ ഇനത്തിലുള്ള വരവ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

4. ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് ഫണ്ട് ഇനത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ സൂചിപ്പിച്ച തുകയിൽ, വരവ്, നീക്കിയിരിപ്പ് കണക്കുകൾ തെറ്റാണ്. ശരിയായ കണക്കുകൾ മേൽസൂചിപ്പിച്ച പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
5.2023-24 വികതി വത്സരാന്ത്യത്തിലെ കുറവു തുക വികസനഫണ്ട് (ജനറൽ) നിന്നും 120220 രൂപ തുടക്കത്തിൽ അലോട്ടുമെന്റിൽ നിന്നും കുറവു ചെയ്തിട്ടുണ്ട്

1-5 പദ്ധതി അവലോകനം

മാർഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പായത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
176	87652278	125	38653168	51	71.02

2. നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരം

ക്രമ നം.	നിർവ്വഹണ ഉദ്യോഗസ്ഥൻ	ആവിഷ്കരിച്ച പദ്ധതികൾ	നടപ്പാക്കിയ പദ്ധതികൾ	വകയിരുത്തൽ	ചെലവ്	ചെലവ് (%)
1	മെഡിക്കൽ ഓഫീസർ, PHC	14	11	4365045	3023989	69.28
2	കൃഷി ഓഫീസർ	13	13	4092665	3954035	96.61
3	സെക്രട്ടറി	31	17	6121170	4025955	65.77
4	വെറ്ററിനറി സർജൻ	3	3	215000	204818	95.26
5	വിദ്യുച്ഛക്തി എക്സ്റ്റൻഷൻ ഓഫീസർ - I	12	9	15064117	2369950	14.94
6	വിദ്യുച്ഛക്തി എക്സ്റ്റൻഷൻ ഓഫീസർ - II	5	3	22981200	5650456	24.59
7	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	11	9	4825711	2812345	58.28
8	ഡയറിഫാം ഇൻസ്ട്രക്ടർ	4	3	1104906	347236	31.43
9	അസിസ്റ്റന്റ് സെക്രട്ടറി	5	3	1693620	1058000	62.47
10	ഹെഡ്മാസ്റ്റർ	5	5	422800	358865	84.88
11	അസിസ്റ്റന്റ് എഞ്ചിനീയർ	63	39	24931044	13847115	55.54
12	മെഡിക്കൽ ഓഫീസർ, ഹോമിയോ	3	3	385000	378735	98.37
13	മെഡിക്കൽ ഓഫീസർ, ആയുർവേദം	6	6	610000	605669	99.29
14	ഫിഷറീസ് സബ് ഇൻസ്പെക്ടർ	1	1	40000	16000	40.00
	ആകെ	176	125	87652278	38653168	44.10

സെക്രട്ടറി നടപ്പിലാക്കിയ ജി.ഒ. പ്രോജക്ടുകളുടെ അടങ്കൽ തുക (13,95,380 രൂപ) സൂലേഖ സ്റ്റേറ്റ്മെന്റിൽ അടങ്കൽ കോളത്തിൽ ഉൾപ്പെട്ടിട്ടില്ലാത്തതാണ്. അതിനാൽ പട്ടികയിൽ കാണിച്ചിരിക്കുന്ന അടങ്കൽ, സൂലേഖയിലെ കണക്കുകളുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

പദ്ധതികളുടെ മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ മുഖേന നടത്തിയില്ല. നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണം നിരീക്ഷിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയില്ല. കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥ ആയുള്ള പദ്ധതികൾ പൊതുവെ കാര്യക്ഷമമായി നിർവ്വഹിക്കപ്പെട്ടു. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥ ആയി ആസൂത്രണം ചെയ്ത പദ്ധതികളിൽ 14 എണ്ണം നടപ്പാക്കിയില്ല.

എസ്.സി വിഭാഗത്തിന് ശ്മശാനം നിർമ്മിക്കുന്നതിനായി 2020-21-ൽ ആവിഷ്കരിച്ച് ആരംഭിച്ച പദ്ധതിയുടെ നിർവ്വഹണം പാതിവഴിയിൽ നിലച്ചു. ആസൂത്രണത്തിന്റെ അഭാവം ആണ് കാരണം. കിണർ, റോഡ് എന്നിവ സ്ഥാപിക്കുന്നതിന് സ്ഥലം കണ്ടെത്തി നൽകാത്തതിനാലും ഫണ്ടിന്റെ അപര്യാപ്തത നിമിത്തവും ജലജീവൻ മിഷൻ പദ്ധതിയുടെ നിർവ്വഹണം പാതിവഴിയിൽ നിലച്ചു.

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
തൊഴിലുകൾ	1554	1587820	1589374	1445924	143450
വേതനം		12493800		12493800	

1-7 ക്ഷേമപദ്ധതികൾ

ക്ഷേമ പദ്ധതിയുടെ പേര്	ഗുണഭോക്താക്കളുടെ എണ്ണം	ചെലവഴിച്ച തുക
കർഷക തൊഴിലാളി പെൻഷൻ	111	2014000
വിധവാ പെൻഷൻ	610	8812400
വാർദ്ധക്യകാല പെൻഷൻ	1824	26153000

അവിവാഹിതരായ 50 വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ	13	186600
ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ	186	2840700

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 02/09/2025 തീയതിയിൽ 4:00 P.M-ന് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 405 രൂപയുടെ (നാനൂറ്റി ഏഴുപത്തി അഞ്ച്) നീക്കിയിരിപ്പിന്റെ കുത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനത്തെ സംബന്ധിച്ച പൊതുവായ വിലയിരുത്തൽ ചുവടെ ചേർക്കുന്നു.

- ജോലി വിഭജന ഉത്തരവ് പ്രകാരം ജീവനക്കാരുടെ ചുമതലകൾ വ്യക്തമായി നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. ജീവനക്കാർ സ്ഥലം മാറിപ്പോവുന്ന സന്ദർഭങ്ങളിൽ ഓഫീസ് ഓർഡർ പ്രകാരം ചുമതലകൾ കൈമാറ്റം നടത്തുന്നുണ്ട്.
- മരണം രജിസ്റ്റർ ചെയ്യുന്ന മറ്റ് സേവന സോഫ്റ്റ്വെയറിലെ ആകീവ് പെൻഷനേഴ്സ് ലിസ്റ്റിൽ നിന്നും പലരുടെയും കഴിവാക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ട്. കേരള പെൻഷൻ രജിസ്റ്ററിൽ വിവരങ്ങൾ പൂർണ്ണമായും കൃത്യമായും രേഖപ്പെടുത്തിയിട്ടില്ല.
- വിവരാവകാശ നിയമം പ്രകാരമുള്ള രജിസ്റ്റർ, ഓഡിറ്റ് നിരീക്ഷണ രജിസ്റ്റർ, ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ, മൂവ്മെന്റ് രജിസ്റ്റർ, എന്നിവ പരിപാലിച്ചിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ കൃത്യമല്ല. കെട്ടുകളുടെ സംക്ഷിപ്തം, അവയുടെ നിലവിലെ സ്ഥിതിവിവരം എന്നിവ കൃത്യമായി എഴുതിയിട്ടില്ല. മെഡ് സംബന്ധിച്ച എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി, സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കിയിട്ടില്ല. കമ്മ്യൂണിറ്റി ഹാളിന്റെ വാടക പിരിവ് സംബന്ധിച്ച നിരേക്ഷണകൾ, ഇലറ് നമ്പറുകൾ സാഹചര്യങ്ങൾ എന്നിവ ഉൾപ്പെടുത്തി ബൈലോ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങിയിട്ടില്ല.
- പഞ്ചായത്തിലെ ഔദ്യോഗിക വാഹനത്തിന്റെ ലോഗ് ബുക്ക് കൃത്യമായി പരിപാലിക്കുന്നില്ല. മാസാന്ത്യ സംക്ഷിപ്ത എഴുതി കസ്റ്റോഡിയൻ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
- ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ എല്ലാ ആസ്തികളുടെയും വിവരം കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.
- വരവിനങ്ങളുടെ ഡിമാന്റ് എൻട്രികൾ വർഷാവസാനം ഒറ്റത്തവണയായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തൊഴിൽനികുതി, ലൈസൻസ് ഫീസ് എന്നിവയുടെ വരവ് തന്നെയാണ് ഡിമാന്റ് ആയി രേഖപ്പെടുത്തിയത്. 2011-ലെ വസ്തുനികുതി പരിഷ്കരണ വിജ്ഞാപനത്തിലുൾപ്പെട്ട രേഖലകളും റോഡുകളും അതേപടി നിലനിർത്തിയാണ് 2023-ലെ വിജ്ഞാപനം തയ്യാറാക്കിയിട്ടുള്ളത്. രേഖലകൾ കാലികമാക്കുകയോ പഞ്ചായത്തിലെ പ്രദേശത്തെ എല്ലാ റോഡുകളും വിജ്ഞാപനത്തിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. വിജ്ഞാപനത്തിലുൾപ്പെട്ടിട്ടുള്ള പ്രഥമ/ദ്വിതീയ രേഖലകളിലെ പ്രധാന റോഡുകളിൽ പലതും അപ്രധാന റോഡ് (1.5 മീറ്ററിൽ കൂടുതൽ) എന്ന നിലയിലാണ് നികുതി നിർണ്ണയത്തിനു പരിഗണിച്ചിട്ടുള്ളത്. വിജ്ഞാപനത്തിൽ പറഞ്ഞിട്ടുള്ള റോഡുകളുടെ വീതി തെറ്റായി സങ്കല്പയിൽ ഉൾപ്പെടുത്തിയതുമൂലം കെട്ടിടങ്ങളുടെ നികുതിയിൽ അനർഹമായി ഇളവു നൽകി. ഇക്കാരണങ്ങളാൽ വസ്തുനികുതിയുടെ നിർണ്ണയത്തിൽ അപാകം ഉണ്ടായിട്ടുണ്ട്. വസ്തുനികുതി നിർണ്ണയത്തിനുശേഷം തറവിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മാറ്റം വന്നിട്ടുള്ള കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയം നടപ്പാകാത്തതിനാൽ പഞ്ചായത്തിന് ഗണ്യമായ വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്. ഗ്രാമപഞ്ചായത്ത് വക കടമുറികളുടെ 2017-18 മുതലുള്ള വർഷങ്ങളിലെ വാടകക്കുടിശ്ശിക ഇനത്തിൽ 6,77,670 രൂപ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നുണ്ട്. എന്നാൽ വർഷങ്ങളായിട്ടും കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ആരംഭിച്ച നടപടികൾ പൂർണ്ണമാക്കാനായില്ല. അടിസ്ഥാന സൗകര്യങ്ങളിലെ അപര്യാപ്തത കാരണം അഞ്ച് കടമുറികൾ വാടകയ്ക്ക് നൽകാനായില്ല. ഇപ്രകാരം വിവിധ വരവിനങ്ങളിലെ വരുമാനച്ചോർച്ച തനത് ഫണ്ടിന്റെ നീക്കിയിരിപ്പിൽ കുറവ് വരുത്തിയിട്ടുണ്ട്.
- നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയിട്ടുള്ള തുകകളുടെ വിനിയോഗ സാക്ഷ്യപത്രം വാങ്ങുന്നില്ല. വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുള്ള തുകകളുടെ കൃത്യമായ വിവരങ്ങൾ അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.
- പഞ്ചായത്ത് ലൈബ്രറി അവഗണന നേരിടുന്നു. ലൈബ്രറിക്കായി ഉണ്ടായിരുന്ന കെട്ടിടത്തിൽ പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തോടെ വർഷങ്ങളായി വില്ലേജ് ഓഫീസ് പ്രവർത്തിക്കുന്നു. ടിൻ ഷീറ്റുകൾ കൊണ്ട് മറച്ചയിടത്താണ് നിലവിൽ ലൈബ്രറി പ്രവർത്തിക്കുന്നത്. വായനയ്ക്ക് അനുകൂലമായ സാഹചര്യം ഇല്ലാത്തതിനാൽ രണ്ട് വർഷത്തിലധികമായി പുതിയ ഒരു അംഗവും ചേർന്നിട്ടില്ല.

- പഞ്ചായത്ത് കമ്മിറ്റി കോൺഫറൻസ് ഹാളിനോട് ചേർന്നുള്ള ടോയ്‌ലറ്റും പരിസരവും വൃത്തിഹീനമായ നിലയിലാണ് കാലഹരണപ്പെട്ട രേഖകൾ, ഇൻവർട്ടറിന്റെ ബാറ്ററി എന്നിവ ഈ ഭാഗത്തും ടോയ്‌ലറ്റ് പരിസരത്തും കൂട്ടിയിട്ടിരിക്കുന്നത് ശുചിത്വ-ശാലിന്യസംസ്കാരത്തിലെ അനഭിലഷണീയമായ പ്രവണതയാണ്.
- ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ശിശുവിഹാറിൽ പഠനത്തിനായി 2025 ജൂൺ മാസം മുതൽ കുട്ടികളാരും തന്നെ എത്തിയിട്ടില്ല. എന്നാൽ ശിശുവിഹാറിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്ന അവസ്ഥയുണ്ട്. സർക്കാരിൽ നിന്ന് നിർദ്ദേശം വാങ്ങി ഈ അപാകം പരിഹരിക്കാൻ സ്വീകരിച്ച നടപടി പൂർണ്ണതയിലെത്തിയിട്ടില്ല.
- പഞ്ചായത്തിന്റെ കെട്ടിടത്തിലാണ് വില്ലേജ് ഓഫീസ് പ്രവർത്തിച്ച് വരുന്നത് എന്നാൽ ഈ കെട്ടിടത്തിന്റെ 09/2021 മുതൽ 06/2022 വരെയുള്ള കാലയളവിലെ വൈദ്യുത ചാർജ് പഞ്ചായത്ത് ഫണ്ടിൽ നിന്ന് ഒടുക്കിയത് ക്രമപ്രകാരമല്ല.
- വിവിധ വാർഡുകളിലെ ഗ്രാമസഭാ മിനിട്സ് ക്ലോസ് ചെയ്തിട്ടില്ല എന്ന് കണ്ടു. പല വാർഡുകളിലെയും മിനിട്സിലെ രേഖപ്പെടുത്തൽ പൂർണ്ണമല്ല.
റമൽ സൂചിപ്പിച്ച പ്രകാരം വിവിധ മേഖലകളിൽ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമാക്കേണ്ടതുണ്ട്

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	25/01/2014	2008-09 മുതൽ 2012-13 വരെ	18/02/2024

1-11 വസ്തുനികുതി നിർണ്ണയത്തിൽ അപാകതകൾ

വസ്തുനികുതി സംബന്ധിച്ച് സമഗ്ര സോഫ്റ്റ്‌വെയറിലെ വിവരങ്ങളും അസസ്സ്മെന്റ് രജിസ്റ്ററുകളും പരിശോധിച്ചതിൽ, നികുതി നിർണ്ണയത്തിൽ അപാകതകളുള്ളതായി ശ്രദ്ധയിൽപ്പെട്ടു.

1. റോഡിന്റെ തരം തെറ്റായി രേഖപ്പെടുത്തുന്നു

വസ്തുനികുതി നിർണ്ണയിക്കുന്ന ആവശ്യത്തിലേക്കായി കറ്റൂർ ഗ്രാമപഞ്ചായത്ത് പ്രദേശം പ്രഥമം, ദ്വിതീയം, തൃതീയം എന്നീ മൂന്ന് മേഖലകളായി തിരിച്ച് വിജ്ഞാപനം ചെയ്തിട്ടുണ്ട്. കൂടാതെ, ഗ്രാമപഞ്ചായത്ത് പ്രദേശത്തിനകത്തുള്ളതോ ഗ്രാമപഞ്ചായത്ത് പ്രദേശത്തുകൂടി കടന്നുപോകുന്നതോ ആയ റോഡുകളെയും നടപ്പാതകളെയും കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 8 പ്രകാരം തരംതിരിച്ചിട്ടുള്ള അന്തിമ വിജ്ഞാപനം 10/07/2023 തീയതിയിലെ 2(1)-ാം നമ്പർ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചിട്ടുണ്ട്.

പ്രസ്തുത വിജ്ഞാപന പ്രകാരമായിരിക്കണം കെട്ടിടങ്ങളുടെ നികുതി നിർണ്ണയിക്കേണ്ടത്. എന്നാൽ സമയത്തിൽ ലഭ്യമായിട്ടുള്ള വിവരങ്ങൾ പരിശോധിച്ചതിൽ വിജ്ഞാപനത്തിൽ പറഞ്ഞിട്ടുള്ള റോഡുകളുടെ വീതി തെറ്റായി സമയത്തിൽ ഉൾപ്പെടുത്തിയതുമൂലം കെട്ടിടങ്ങളുടെ നികുതിയിൽ അനർഹമായി ഇളവു നൽകുകയും അതുമൂലം പഞ്ചായത്ത് ഫണ്ടിനു നഷ്ടമുണ്ടാവുകയും ചെയ്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടു.

അഞ്ചു മീറ്ററോ അതിലധികമോ വീതിയുള്ള റോഡുകളുടെ സമീപമുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതിയിൽ ഇരുപത് ശതമാനം വർദ്ധനവ് ബാധകമാണ്. എന്നിൽ റോഡിന്റെ വീതി അഞ്ചു മീറ്ററിൽ കുറവെന്ന് രേഖപ്പെടുത്തുകയും അതുവഴി വർദ്ധനവ് ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. പ്രഥമ, ദ്വിതീയ മേഖലയിലുൾപ്പെട്ട കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിൽ 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ ഇപ്രകാരം കുറവുണ്ടായിട്ടുള്ളതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

നാലാം വാർഡിൽ ശ്രീ. സുധീഷ് പി. ജേക്കബിന്റെ ഉടമസ്ഥതയിലുള്ള IV/238 എന്ന നമ്പരിലുള്ള കെട്ടിടം കറ്റൂർ - വള്ളംകളം റോഡരികിലാണുള്ളത്. വിജ്ഞാപന പ്രകാരം ഇത് അഞ്ചുമീറ്ററിലധികം വീതിയുള്ള റോഡാണ്. കംപ്യൂട്ടൻ പ്ലാനിലും റോഡിന്റെ വീതി ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 1.5 മീറ്ററിൽ കൂടുതൽ എസ്. സമയത്തിൽ രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചതിനാൽ 20 ശതമാനം വർദ്ധനവ് ഒഴിവായി.

പ്രധാന മേഖലയിൽ ആറാട്ടുകടവ് - ആർത്താറ ജംഗ്ഷൻ റോഡരികിലാണ് ശ്രീമതി ദർശന ജോയിയുടെ ഉടമസ്ഥതയിലുള്ള V/96 നമ്പരിലുള്ള കെട്ടിടം. എട്ടു മീറ്റർ വീതിയുള്ള റോഡാണിത്. എന്നാൽ സമയത്തിൽ റോഡിന്റെ വീതി 1.5 മീറ്ററിൽ കൂടുതൽ എന്ന് രേഖപ്പെടുത്തിയതിനാൽ നികുതി നിർണ്ണയത്തിൽ പിഴവുണ്ടായി.

2. വിജ്ഞാപനത്തിൽ മേഖലകളും റോഡുകളും കാലോചിതമായി പരിഷ്കരിച്ചില്ല

2011-ലെ വസ്തുനികുതി പരിഷ്കരണ വിജ്ഞാപനത്തിലുൾപ്പെട്ട മേഖലകളും റോഡുകളും അതേപടി നിലനിർത്തിയാണ് 2023-ലെ വിജ്ഞാപനം തയ്യാറാക്കിയിട്ടുള്ളത്. മേഖലകൾ കാലികമാക്കുകയോ പഞ്ചായത്തു പ്രദേശത്തെ എല്ലാ റോഡുകളും വിജ്ഞാപനത്തിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഉദാഹരണത്തിന്, പഞ്ചായത്തിലെ പ്രധാന

റോഡുകളിലൊന്നായ കറ്റൻ - വള്ളംകളം റോഡ് ആധുനിക രീതിയിൽ വീതികൂട്ടി പുനർ നിർമ്മാണം നടത്തിയിട്ടുണ്ടെങ്കിലും നിലവിൽ ദ്വിതീയ മേഖലയായി നിലനിർത്തിയിരിക്കുകയാണ്.

വിജ്ഞാപനത്തിലുൾപ്പെട്ടിട്ടുള്ള, പ്രഥമ/ദ്വിതീയ മേഖലകളിലെ പ്രധാന റോഡുകളിൽ പലതും അപ്രധാന റോഡ് (1.5 മീറ്ററിൽ കൂടുതൽ) എന്ന നിലയിലാണ് നികുതി നിർണ്ണയത്തിനു പരിഗണിച്ചിട്ടുള്ളത്. ഉദാഹരണമായി, ചക്രക്കാളനക്കടവ് - കുളിമംഗലം റോഡ്, കറ്റൻ - വള്ളംകളം റോഡ്, പനച്ചുട് - നല്ലൂത്താനം റോഡ് എന്നിവ അഞ്ചു മീറ്ററിലധികം വീതിയുള്ളതാണെന്ന് വിജ്ഞാപനത്തിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ ഇതിന്റെ അടിസ്ഥാനത്തിലല്ല കെട്ടിടങ്ങളുടെ നികുതി കണക്കാക്കിയിരിക്കുന്നത്.

നികുതി നിർണ്ണയിക്കുമ്പോൾ സഞ്ചയയിൽ പ്രധാന റോഡുകളുടെ പേരുകൾ മാത്രം കൃത്യമായി ചേർക്കുകയും എന്നാൽ റോഡിന്റെ വീതി തെറ്റായി രേഖപ്പെടുത്തുകയും ചെയ്യുന്നതാണ്. പ്രധാന റോഡിൽനിന്നുള്ള ഇടറോഡിനു സമീപമാണ് കെട്ടിടം സ്ഥിതിചെയ്യുന്നതെങ്കിൽ ആ വിവരം ഉൾപ്പെടുത്തുന്നില്ല. അതിനാൽ സഞ്ചയയിൽ ലഭ്യമായ നികുതി വിവരങ്ങളുടെ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിക്കുന്നില്ല. നികുതി നിർണ്ണയം സംബന്ധിച്ച വിശദമായ പരിശോധന സാധ്യമാകാതിരുന്ന കെട്ടിടങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	വാർഡ് നമ്പർ/ കെട്ടിട നമ്പർ	കെട്ടിടം ഉൾപ്പെട്ട മേഖല	വിജ്ഞാപന പ്രകാരം റോഡിന്റെ വീതി (മീറ്റർ)	സഞ്ചയ പ്രകാരം റോഡിന്റെ വീതി (മീറ്റർ)
1	I/148A	പ്രധമം	> 5 മീറ്റർ	< 5 മീറ്റർ
2	I/280B	ദ്വിതീയം	> 5 മീറ്റർ	< 5 മീറ്റർ
3	I/280C	പ്രഥമം	> 5 മീറ്റർ	< 5 മീറ്റർ
4	I/281A	പ്രഥമം	> 5 മീറ്റർ	< 5 മീറ്റർ
5	I/8B	പ്രഥമം	> 5 മീറ്റർ	< 5 മീറ്റർ
6	II/43C	പ്രഥമം	> 5 മീറ്റർ	< 5 മീറ്റർ
7	II/7A	പ്രഥമം	> 5 മീറ്റർ	< 5 മീറ്റർ
8	II/18B	പ്രഥമം	> 5 മീറ്റർ	< 5 മീറ്റർ
9	II/338B	ദ്വിതീയം	> 5 മീറ്റർ	< 5 മീറ്റർ
10	II/338C	പ്രഥമം	> 5 മീറ്റർ	< 5 മീറ്റർ
11	II/338D	പ്രഥമം	> 5 മീറ്റർ	< 5 മീറ്റർ
12	II/43D	പ്രഥമം	> 5 മീറ്റർ	< 5 മീറ്റർ
13	II/50D	പ്രഥമം	> 5 മീറ്റർ	< 5 മീറ്റർ
14	II/41C	പ്രഥമം	> 5 മീറ്റർ	< 5 മീറ്റർ
15	II/9A	പ്രഥമം	> 5 മീറ്റർ	< 5 മീറ്റർ
16	II/9B	പ്രഥമം	> 5 മീറ്റർ	< 5 മീറ്റർ
17	II/127A	പ്രഥമം	> 5 മീറ്റർ	< 5 മീറ്റർ
18	II/51A	പ്രഥമം	> 5 മീറ്റർ	< 5 മീറ്റർ
19	III/527C	ദ്വിതീയം	> 5 മീറ്റർ	< 5 മീറ്റർ
20	III/536C	ദ്വിതീയം	> 5 മീറ്റർ	< 5 മീറ്റർ
21	III/252A	പ്രഥമം	> 5 മീറ്റർ	< 5 മീറ്റർ
22	III/252B	പ്രഥമം	> 5 മീറ്റർ	< 5 മീറ്റർ
23	IV/43A	പ്രഥമം	> 5 മീറ്റർ	< 5 മീറ്റർ
24	IV/400B	പ്രഥമം	> 5 മീറ്റർ	< 5 മീറ്റർ
25	IV/197B	പ്രഥമം	> 5 മീറ്റർ	< 5 മീറ്റർ
26	IV/197A	പ്രഥമം	> 5 മീറ്റർ	< 5 മീറ്റർ
27	IV/418A	പ്രഥമം	> 5 മീറ്റർ	< 5 മീറ്റർ
28	IV/33A	പ്രഥമം	> 5 മീറ്റർ	< 5 മീറ്റർ
29	V/40B	പ്രഥമം	> 5 മീറ്റർ	< 5 മീറ്റർ
30	VI/113B	പ്രഥമം	> 5 മീറ്റർ	< 5 മീറ്റർ
31	VI/31D	പ്രഥമം	> 5 മീറ്റർ	< 5 മീറ്റർ

32	VI/503F	പ്രഥമം	> 5 മീറ്റർ	< 5 മീറ്റർ
33	VI/63D	പ്രഥമം	> 5 മീറ്റർ	< 5 മീറ്റർ
34	VI/63C	പ്രഥമം	> 5 മീറ്റർ	< 5 മീറ്റർ
35	VI/308A	പ്രഥമം	> 5 മീറ്റർ	< 5 മീറ്റർ
36	VI/63F	പ്രഥമം	> 5 മീറ്റർ	< 5 മീറ്റർ
37	IX/209B	പ്രഥമം	> 5 മീറ്റർ	< 5 മീറ്റർ
38	IX/159A	പ്രഥമം	> 5 മീറ്റർ	< 5 മീറ്റർ
39	IX/214A	പ്രഥമം	> 5 മീറ്റർ	< 5 മീറ്റർ
40	X/248B	പ്രഥമം	> 5 മീറ്റർ	< 5 മീറ്റർ
41	XII/95B	ദ്വിതീയം	> 5 മീറ്റർ	< 5 മീറ്റർ
42	XII/28A	പ്രഥമം	> 5 മീറ്റർ	< 5 മീറ്റർ

പട്ടികയിൽ വന്നിട്ടുള്ള വസ്തുനികുതി പ്രാബല്യത്തിൽ വന്ന 2023 ഏപ്രിൽ മുതൽ നികുതി നിർണ്ണയിച്ചുവരുന്നതാണ് മേല്പറഞ്ഞ കെട്ടിടങ്ങളെല്ലാം.

പട്ടികയിൽ പറഞ്ഞിട്ടുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയം പുനഃപരിശോധിച്ച്, ആവശ്യമെങ്കിൽ നികുതി പുനർ നിർണ്ണയിക്കുന്നതാണെന്ന്, ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/30.07.2025) മറുപടിയായി സെക്രട്ടറി അറിയിച്ചു.

അടിസ്ഥാന വസ്തുനികുതിയിൽ ഉണ്ടാകുന്ന കുറവിന് ആനുപാതികമായി ലൈബ്രറി സെസ്സ്, സേവന ഉപനികുതി എന്നിവയിലും കുറവുണ്ടാകും എന്നതിനാൽ മേഖലാ വിഭജനത്തിലെയും റോഡ് തരംതിരിവിലെയും ന്യൂനതകൾ പരിഹരിക്കേണ്ടതും, സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതുമാണ്.

1-12 വസ്തുനികുതി പുനർ നിർണ്ണയം പൂർത്തിയാക്കിയില്ല

വസ്തുനികുതി നിർണ്ണയത്തിനുശേഷം തറവിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മാറ്റം വന്നിട്ടുള്ള കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയം നടപ്പാകാത്തതിനാൽ പഞ്ചായത്തിന് ഗണ്യമായ വരുമാന നഷ്ടം ഉണ്ടാകുന്നു.

തറവിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മാറ്റംവന്നിട്ടുള്ള കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിക്കുന്നതിനായി ഒരു പരിശോധനാ സംവിധാനം ഏർപ്പെടുത്തണമെന്ന് ജി.ഒ.(എം)നം.77/2023/ത.സ്വ.ഭ.വ.,തീയതി 22/03/2023 നമ്പർ ഉത്തരവ് പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതാണ്. ഇതനുസരിച്ച് ഫീൽഡ് തല പരിശോധനയും ഡേറ്റാഎൻട്രി പ്രവർത്തനവും നടത്തുന്നതിന് ഒരു ഏജൻസിയെ പഞ്ചായത്ത് ചുമതലപ്പെടുത്തിയെങ്കിലും ആറ് വാർഡുകളിലെ വിവരശേഖരണം നടത്തിയശേഷം ഈ സ്ഥാപനം പ്രവർത്തനം അവസാനിപ്പിച്ചു.

ഗ്രാമപഞ്ചായത്തിലെ അവശേഷിക്കുന്ന എട്ട് വാർഡുകളിലെയും കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ച് നികുതി പുനർ നിർണ്ണയിക്കുന്നതിനും അല്ലാത്തവ നികുതിച്ചോർച്ച തടയുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. ഈ നിശ്ചയത്തിലേക്ക് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-13 വസ്തു നികുതി കുടിശ്ശികയുള്ള കെട്ടിടങ്ങൾ കോർട്ട് സ്റ്റേ വിഭാഗത്തിൽ തെറ്റായി ഉൾപ്പെടുത്തി

31/03/2025-ൽ വസ്തുനികുതി കുടിശ്ശികയുള്ള കെട്ടിടങ്ങളെ കോർട്ട് സ്റ്റേ വിഭാഗത്തിൽ തെറ്റായി ഉൾപ്പെടുത്തി. സാമ്പത്തയിൽ ലഭ്യമായ വിവരങ്ങൾ പരിശോധിച്ചതിൽ, ചുവടെ പറയുന്ന കെട്ടിടങ്ങളെയാണ് കോർട്ട് സ്റ്റേയായി മാറ്റി, കുടിശ്ശിക കുറച്ചു കാണിച്ചത്.

Ward No	Door No	Type	Order Date	Amount	Period	Stay Status
II	279	Court Stay	31.03.2025	43	2024-2025 Ist Half To 2024-2025 IInd Half	ACTIVE
II	275	Court Stay	31.03.2025	695	2023-2024 Ist Half To 2024-2025 IInd Half	ACTIVE
II	291	Court Stay	31.03.2025	269	2024-2025 Isl Half To 2024-2025 IInd Half	ACTIVE
II	205	Court Stay	31.03.2025	431	2023-2024 Ist Half To 2024-2025 IInd Half	ACTIVE
II	206	Court Stay	31.03.2025	431	2023-2024 Ist Half To 2024-2025 IInd Half	ACTIVE

II	207	Court Stay	31.03.2025	431	2023-2024 Ist Half To 2024-2025 IInd Half	ACTIVE
II	190	Court Stay	31.03.2025	161	2024-2025 Ist Half To 2024-2025 IInd Half	ACTIVE
II	346	Court Stay	31.03.2025	1564	2023-2024 Ist Half To 2024-2025 IInd Half	ACTIVE
II	339/A	Court Stay	31.03.2025	117	2023-2024 Ist Half To 2024-2025 IInd Half	ACTIVE
II	26/A	Court Stay	31.03.2025	106	2024-2025 Ist Half To 2024-2025 IInd Half	ACTIVE
II	134	Court Stay	31.03.2025	18	2024-2025 Ist Half To 2024-2025 IInd Half	ACTIVE
II	115	Court Stay	31.03.2025	124	2024-2025 Ist Half To 2024-2025 IInd Half	ACTIVE
II	294	Court Stay	31.03.2025	847	2023-2024 Ist Half To 2024-2025 IInd Half	ACTIVE
II	286	Court Stay	31.03.2025	226	2024-2025 Ist Half To 2024-2025 IInd Half	ACTIVE
II	347	Court Stay	31.03.2025	23	2024-2025 Ist Half To 2024-2025 IInd Half	ACTIVE
II	230	Court Stay	31.03.2025	406	2023-2024 Ist Half To 2024-2025 IInd Half	ACTIVE
II	304	Court Stay	31.03.2025	55	2024-2025 Ist Half To 2024-2025 IInd Half	ACTIVE
II	309	Court Stay	31.03.2025	134	2024-2025 Ist Half To 2024-2025 IInd Half	ACTIVE
II	177/A	Court Stay	31.03.2025	1449	2024-2025 Ist Half To 2024-2025 IInd Half	ACTIVE
II	283	Court Stay	31.03.2025	251	2023-2024 Ist Half To 2024-2025 IInd Half	ACTIVE
II	279/A	Court Stay	31.03.2025	791	2023-2024 Ist Half To 2024-2025 IInd Half	ACTIVE
I	4	Court Stay	31.03.2025	73	2024-2025 Ist Half To 2024-2025 IInd Half	ACTIVE
I	270	Court Stay	31.03.2025	368	2023-2024 Ist Half To 2024-2025 IInd Half	ACTIVE
I	211	Court Stay	31.03.2025	431	2023-2024 Ist Half To 2024-2025 IInd Half	ACTIVE
I	219	Court Stay	31.03.2025	810	2024-2025 Ist Half To 2024-2025 IInd Half	ACTIVE
I	21	Court Stay	31.03.2025	60	2023-2024 Ist Half To 2024-2025 IInd Half	ACTIVE
I	124	Court Stay	31.03.2025	670	2023-2024 Ist Half To 2024-2025 IInd Half	ACTIVE
I	170	Court Stay	31.03.2025	572	2023-2024 Ist Half To 2024-2025 IInd Half	ACTIVE
I	204	Court Stay	31.03.2025	234	2023-2024 Ist Half To 2024-2025 IInd Half	ACTIVE
I	255	Court Stay	31.03.2025	2009	2023-2024 Ist Half To 2024-2025 IInd Half	ACTIVE
IV	38	Court Stay	31.03.2025	525	2023-2024 Ist Half To 2024-2025 IInd Half	ACTIVE
IV	287	Court Stay	31.03.2025	250	2024-2025 Ist Half To 2024-2025 IInd Half	ACTIVE
IV	282/A	Court Stay	31.03.2025	76	2023-2024 Ist Half To 2024-2025 IInd Half	ACTIVE
IV	3/6	Court Stay	31.03.2025	52	2024-2025 Ist Half To 2024-2025 IInd Half	ACTIVE
IV	322	Court Stay	31.03.2025	101	2023-2024 Ist Half To 2024-2025 IInd Half	ACTIVE
IV	352	Court Stay	31.03.2025	84	2023-2024 Ist Half To 2024-2025 IInd Half	ACTIVE

IV	210	Court Stay	31.03.2025	783	2023-2024 Ist Half To 2024-2025 IInd Half	ACTIVE
IV	379	Court Stay	31.03.2025	126	2024-2025 Ist Half To 2024-2025 IInd Half	ACTIVE
IV	295	Court Stay	31.03.2025	270	2024-2025 Ist Half Te 2024-2025 IInd Half	ACTIVE
IV	323	Court Stay	31.03.2025	456	2023-2024 Ist Half Te 2024-2025 IInd Half	ACTIVE
IV	340/A	Court Stay	31.03.2025	405	2023-2024 Ist Half To 2024-2025 IInd Half	ACTIVE
IV	5	Court Stay	31.03.2025	1458	2023-2024 Ist Half To 2024-2025 IInd Half	ACTIVE
IV	98	Court Stay	31.03.2025	627	2023-2024 Ist Half To 2024-2025 IInd Half	ACTIVE
IV	397	Court Stay	31.03.2025	572	2024-2025 Ist Half To 2024-2025 IInd Half	ACTIVE
IV	367/A	Court Stay	31.03.2025	686	2024-2025 Ist Half To 2024-2025 IInd Half	ACTIVE
IV	296/A	Court Stay	31.03.2025	90	2023-2024 Ist Half To 2024-2025 IInd Half	ACTIVE
IV	31	Court Stay	31.03.2025	1366	2023-2024 Ist Half To 2024-2025 IInd Half	ACTIVE
IV	270/A	Court Stay	31.03.2025	1609	2023-2024 Ist Half To 2024-2025 IInd Half	ACTIVE
IV	14/C	Court Stay	31.03.2025	1218	2024-2025 Ist Half To 2024-2025 IInd Half	ACTIVE
IV	233	Court Stay	31.03.2025	505	2023-2024 Ist Half To 2024-2025 IInd Half	ACTIVE
V	96	Court Stay	31.03.2025	1707	2024-2025 Ist Half To 2024-2025 IInd Half	ACTIVE
V	100/A	Court Stay	31.03.2025	1001	2023-2024 Ist Half To 2024-2025 IInd Half	ACTIVE
VII	101	Court Stay	31.03.2025	1613	2024-2025 Ist Half To 2024-2025 IInd Half	ACTIVE
VII	113	Court Stay	31.03.2025	820	2024-2025 Ist Half To 2024-2025 IInd Half	ACTIVE
VII	166	Court Stay	31.03.2025	808	2024-2025 Ist Half To 2024-2025 IInd Half	ACTIVE
VII	210	Court Stay	31.03.2025	1991	2023-2024 Ist Half To 2024-2025 IInd Half	ACTIVE
VII	214	Court Stay	31.03.2025	1456	2023-2024 Ist Half To 2024-2025 IInd Half	ACTIVE
VII	329	Court Stay	31.03.2025	1138	2023-2024 Ist Half To 2024-2025 IInd Half	ACTIVE
VII	347	Court Stay	31.03.2025	494	2023-2024 Ist Half To 2024-2025 IInd Half	ACTIVE
VII	354	Court Stay	31.03.2025	490	2023-2024 Ist Half To 2024-2025 IInd Half	ACTIVE
VII	392	Court Stay	31.03.2025	517	2023-2024 Ist Half To 2024-2025 IInd Half	ACTIVE
VII	315	Court Stay	31.03.2025	492	2023-2024 Ist Half To 2024-2025 IInd Half	ACTIVE
VII	305	Court Stay	31.03.2025	131	2024-2025 Ist Half To 2024-2025 IInd Half	ACTIVE
VII	312	Court Stay	31.03.2025	507	2023-2024 Ist Half To 2024-2025 IInd Half	ACTIVE
VII	286	Court Stay	31.03.2025	364	2023-2024 Ist Half To 2024-2025 IInd Half	ACTIVE
VII	237	Court Stay	31.03.2025	352	2024-2025 Ist Half To 2024-2025 IInd Half	ACTIVE
VII	379	Court Stay	31.03.2025	1898	2024-2025 Ist Half To 2024-2025 IInd Half	ACTIVE

VII	101/A	Court Stay	31.03.2025	1007	2023-2024 Ist Half To 2024-2025 IInd Half	ACTIVE
VII	380/A	Court Stay	31.03.2025	325	2023-2024 Ist Half To 2024-2025 IInd Half	ACTIVE
VII	109	Court Stay	31.03.2025	572	2024-2025 Ist Half To 2024-2025 IInd Half	ACTIVE
VII	170	Court Stay	31.03.2025	1486	2023-2024 Ist Half To 2024-2025 IInd Half	ACTIVE
VII	156/A	Court Stay	31.03.2025	2897	2023-2024 Ist Half To 2024-2025 IInd Half	ACTIVE
VII	235/A	Court Stay	31.03.2025	3515	2023-2024 Ist Half To 2024-2025 IInd Half	ACTIVE
XI	141	Court Stay	31.03.2025	321	2024-2025 Ist Half To 2024-2025 IInd Half	ACTIVE
XI	303	Court Stay	31.03.2025	1251	2023-2024 Ist Half To 2024-2025 IInd Half	ACTIVE
XI	394	Court Stay	31.03.2025	178	2023-2024 Ist Half To 2024-2025 IInd Half	ACTIVE
XI	353	Court Stay	31.03.2025	437	2024-2025 Ist Half To 2024-2025 IInd Half	ACTIVE
XI	349	Court Stay	31.03.2025	90	2523-2024 Ist Half To 2024-2025 IInd Half	ACTIVE
XI	179	Court Stay	31.03.2025	161	2024-2025 Ist Half To 2024-2025 IInd Half	ACTIVE
XI	124	Court Stay	31.03.2025	339	2023-2024 Ist Half To 2024-2025 IInd Half	ACTIVE
XI	172	Court Stay	31.03.2025	34	2023-2024 Ist Half To 2024-2025 IInd Half	ACTIVE
XI	185	Court Stay	31.03.2025	321	2024-2025 Ist Half To 2024-2025 IInd Half	ACTIVE
XI	36	Court Stay	31.03.2025	259	2024-2025 Ist Half To 2024-2025 IInd Half	ACTIVE
XI	99	Court Stay	31.03.2025	449	2024-2025 Ist Half To 2024-2025 IInd Half	ACTIVE
XI	13	Court Stay	31.03.2025	197	2023-2024 Ist Half To 2024-2025 IInd Half	ACTIVE
XI	115	Court Stay	31.03.2025	175	2023-2024 Ist Half To 2024-2025 IInd Half	ACTIVE
XI	134	Court Stay	31.03.2025	23	2624-2025 Ist Half To 2024-2025 IInd Half	ACTIVE
XI	53/B	Court Stay	31.03.2025	2056	2024-2025 Ist Half To 2024-2025 IInd Half	ACTIVE
XI	186/A	Court Stay	31.03.2025	425	2024-2025 Ist Half To 2624-2025 IInd Half	ACTIVE
XII	232	Court Stay	31.03.2025	641	2824-2025 Ist Half To 2024-2025 IInd Half	ACTIVE
XII	14	Court Stay	31.03.2025	2254	2023-2024 Ist Half To 2024-2025 IInd Half	ACTIVE
XII	389	Court Stay	31.03.2025	1143	2024-2025 Ist Half To 2024-2025 IInd Half	ACTIVE
XII	306	Court Stay	31.03.2025	206	2623-2024 IInd Half To 2024-2025 IInd Half	ACTIVE
XII	61	Court Stay	31.03.2025	413	2024-2025 Ist Half To 2024-2025 IInd Half	ACTIVE
XII	60	Court Stay	31.03.2025	310	2024-2025 Ist Half To 2024-2025 IInd Half	ACTIVE
XII	143	Court Stay	31.03.2025	1286	2023-2024 Ist Half To 2024-2025 IInd Half	ACTIVE
XII	200/A	Court Stay	31.03.2025	686	2024-2025 Ist Half To 2024-2025 IInd Half	ACTIVE
XII	243	Court Stay	31.03.2025	295	2024-2025 Ist Half To 2024-2025 IInd Half	ACTIVE

XII	296	Court Stay	31.03.2025	753	2024-2025 Ist Half To 2024-2025 IInd Half	ACTIVE
XII	349	Court Stay	31.03.2025	1207	2023-2024 Ist Half To 2024-2025 IInd Half	ACTIVE
XII	296/C	Court Stay	31.03.2025	977	2024-2025 Ist Half To 2024-2025 IInd Half	ACTIVE

മേല്പറഞ്ഞ കെട്ടിടങ്ങളുടെ കോർട്ട് സ്റ്റേ സംബന്ധിച്ച ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി (നം31/01.08.2025) മുഖേന സെക്രട്ടറിയോട് നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ഫയലുകൾ നിലവിലില്ലെന്ന് മാത്രം മറുപടി ലഭ്യമാക്കി. എന്നാൽ തെറ്റായ വിവരങ്ങൾ സഭയിൽ ചേർത്തതിന്റെ കാരണം വിശദീകരിച്ചില്ല.

വർഷാവസാനം പിരിച്ചെടുക്കാനവശേഷിച്ച കുടിശ്ശികയുടെ 67,596 രൂപ കറച്ചു കാണിക്കുന്നതിനായി കോർട്ട് സ്റ്റേ വിഭാഗത്തിലേക്ക് മാറ്റിയ നടപടി ക്രമവിരുദ്ധമാണ്. പട്ടികയിൽ പറഞ്ഞിട്ടുള്ള കെട്ടിടങ്ങളുടെ സ്റ്റാറ്റസ് സംബന്ധിച്ച് സഭയിൽ ആവശ്യമായ മാറ്റം വരുത്തണമെന്നും, പഞ്ചായത്തിനു ലഭിക്കാനുള്ള നികുതിക്കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കേണ്ടതുമാണ്. വിഷയം ഉചിതമായ തുടർ നടപടികൾക്ക് ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

T-14 അഗ്നിരക്ഷാ വകുപ്പിന്റെ നിരാക്ഷേപപത്രം ലഭിച്ചിട്ടില്ലാത്ത കെട്ടിടം ക്രമവൽക്കരിച്ചു

അഗ്നിരക്ഷാ വകുപ്പിന്റെ നിരാക്ഷേപപത്രം ലഭിക്കുന്നതിനു മുൻപായി കെട്ടിടം ക്രമവൽക്കരിച്ചു. എഴാം വാർഡിൽ ശ്രീ. യോഹന്നാൻ മാർത്തോമ്മ മെത്രാപ്പൊലീത്ത എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള അസ്സംബ്ലി വിനിയോഗ ഗണത്തിലുള്ള കെട്ടിടമാണ് പഞ്ചായത്ത് രാജ് ചട്ടങ്ങൾക്ക് വിരുദ്ധമായി ക്രമവൽക്കരിച്ചു നൽകിയത്.

കറ്റർ വില്ലേജിൽ ബ്ലോക്ക് നം.11, റീസർവ്വേ നമ്പർ 438/13-ൽ ഉൾപ്പെട്ട 17.70 ആർ ഭൂമിയിൽ നിലവിലുണ്ടായിരുന്ന 139.37 ച.മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടത്തിനോടു ചേർന്ന് പെർമിറ്റ് ഇല്ലാതെ നിർമ്മിച്ച 301.96 ച.മീറ്റർ വിസ്തീർണ്ണമുള്ള അസ്സംബ്ലി ഗണത്തിലുള്ള കെട്ടിടം ക്രമവൽക്കരിക്കുന്നതിനും, ഇതിനോടൊപ്പം 52.54 ച.മീറ്റർ അധിക നിർമ്മാണത്തിന് പെർമിറ്റ് ലഭിക്കുന്നതിനുമായി കെട്ടിട ഉടമ അപേക്ഷ നൽകി. അപേക്ഷയോടൊപ്പം അഗ്നിരക്ഷാ വകുപ്പിന്റെ നിരാക്ഷേപപത്രം ഹാജരാക്കിയിരുന്നില്ല.

കെട്ടിട ഉടമ സമർപ്പിച്ച ക്രമവൽക്കരണ അപേക്ഷയോടൊപ്പം ഫയർ എൻ.ഒ.സി ഹാജരാക്കിയിട്ടില്ലെന്നും, ആയത് ലഭ്യമാക്കിയെങ്കിൽ മാത്രമേ അപേക്ഷ പരിഗണിക്കാൻ സാധിക്കുവെന്നും 28/04/2024-ൽ നം. 400345/BFAS 01/GP OFFICE/2024/309/(2) കത്ത് മുഖേന അപേക്ഷകനെ സെക്രട്ടറി അറിയിച്ചു. കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കി, നിയമപ്രകാരമുള്ള അഗ്നിരക്ഷാ സംവിധാനങ്ങൾ സ്ഥാപിച്ചശേഷം അപേക്ഷ പുനഃസമർപ്പിക്കാൻ കെട്ടിട ഉടമയോട് 17/04/2024-ലെ DFOPTA/772/2024E കത്ത് മുഖേന അഗ്നിരക്ഷാ വകുപ്പ് നിർദ്ദേശിച്ചിട്ടുണ്ട് (കത്തിന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്).

ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 06/06/2024-ലെ യോഗത്തിൽ ഈ വിഷയം ചർച്ച ചെയ്തു. നിലവിൽ നിർമ്മാണം പൂർത്തികരിച്ചിരിക്കുന്ന കെട്ടിടത്തിന് കെട്ടിടനമ്പർ നൽകുന്നതിനും, ഫയർ എൻ.ഒ.സി ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിടത്തിന്റെ നികുതി പുനർ നിർണയിക്കുന്നതിനും ഫോറം നമ്പർ 2 സമർപ്പിക്കുന്നതിന് ഉടമയ്ക്ക് നിർദ്ദേശം നല്കുന്നതിനും സെക്രട്ടറിയെ ഐകകണ്ഠ്യേന ചുമതലപ്പെടുത്തി കമ്മിറ്റി തീരുമാനിച്ചു. അല്ലാത്തപക്ഷം ടി കെട്ടിടത്തിൻറെ നമ്പർ അനധികൃത നമ്പർ എന്ന ഗണത്തിൽ ഉൾപ്പെടുത്തി തുടർന്നുള്ള കെട്ടിടനികുതി ഈടാക്കുന്നതിനും നിർദ്ദേശിച്ചു (7(1)-ാം നമ്പർ തീരുമാനം).

തുടർന്ന്, നിർമ്മാണം പൂർത്തീകരിച്ച 301.96 ച.മീറ്റർ കെട്ടിടം, 54,353 രൂപ ഫീസ് ഈടാക്കി ക്രമവൽക്കരിക്കുകയും, 52.54 ച.മീറ്റർ അധികമായി നിർമ്മാണം നടത്തുന്നതിന് പെർമിറ്റ് അനുവദിക്കുകയും ചെയ്തു.

ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു

1. 2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 5(4), ക്ര നം. 12(ii)-ൽ, അസ്സംബ്ലി ഗണത്തിലുള്ള കെട്ടിടങ്ങൾക്ക് അവയുടെ നിലകളുടെ എണ്ണം കണക്കാക്കാതെ തന്നെ ഫയർ എൻ.ഒ.സി നിഷ്കർഷിച്ചിട്ടുണ്ട്. അതിനാൽ അഗ്നിരക്ഷാ വകുപ്പിന്റെ നിരാക്ഷേപപത്രം ലഭ്യമാകാത്ത കെട്ടിടം ക്രമവൽക്കരിച്ച നടപടി ചട്ടവിരുദ്ധമാണ്.

2. ചട്ടം 3 പ്രകാരം നിലവിലെ കെട്ടിടങ്ങൾ അംഗീകൃതമാണെങ്കിൽ മാത്രമേ അതേ പ്ലോട്ടിൽ പുതിയ നിർമ്മാണത്തിന് അനുമതി നൽകാവൂ. എന്നാൽ, മാഗികമായി പൂർത്തിയാക്കിയ അനധികൃത നിർമ്മാണം ചട്ടവിരുദ്ധമായി ക്രമവൽക്കരിക്കുകയും അതോടൊപ്പം പുതിയ നിർമ്മാണത്തിന് അനുമതി നൽകുകയും ചെയ്തു.

3. ചട്ടപ്രകാരം ഹാജരാക്കേണ്ട നിരാക്ഷേപ പത്രങ്ങൾ ലഭ്യമാകാത്ത കെട്ടിടം ക്രമവൽക്കരിക്കുന്നതിനായി പഞ്ചായത്ത് കമ്മിറ്റി കൈക്കൊണ്ട തീരുമാനം ക്രമപ്രകാരമല്ല.

4. അംഗീകൃത പെർമിറ്റ് കൂടാതെ നിർമ്മിച്ച കെട്ടിടത്തിന് 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20 പ്രകാരം യൂ.എ. നമ്പർ നൽകേണ്ടതും, കേരള പഞ്ചായത്ത് രാജ്

235എഎ വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം ബാധകമായ നികുതി ചുമത്തേണ്ടതുമായിരുന്നു. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല.

അപാകതകൾ ഓഡിറ്റ് എൻകൃയറി (34/02.08.2025) മുഖേന സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തി. നിരാക്ഷേപപത്രം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി.

പൂർവ്വിദ്ധമായി കെട്ടിടം ക്രമവൽക്കരിച്ച സെക്രട്ടറിയുടെ നടപടി സംബന്ധിച്ച് വകുപ്പുതലത്തിൽ അന്വേഷണം നടത്തുന്നതിന് ശിപാർശ ചെയ്യുന്നു.

1-15 വാടകക്കുടിശ്ശിക-6,77,670 രൂപ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്ത് വക കടമുറികളുടെ 2017-18 മുതലുള്ള വർഷങ്ങളിലെ വാടകക്കുടിശ്ശിക ഇനത്തിൽ 6,77,670 രൂപ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു. കുടിശ്ശിക വരുത്തിയ വാടകക്കാരുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	കുടിശ്ശിക വരുത്തിയ വാടകക്കാരുടെ പേര് വിവരം	കുടിശ്ശിക വരുത്തിയ കാലയളവ്	കുടിശ്ശിക തുക
1	ഗോപാലകൃഷ്ണൻ എം എൻ.	2017-18	78448
2	സുജാത കുമാർ	2017-18	37132
3	പി.എം. വർഗീസ്/രാജു വാതിയപ്പുഴയ്ക്കൽ	2017-18	33006
4	അജിമോൻ വർഗ്ഗീസ് മേക്കര	2018-19	338940
5	ഫിനോസ്	2022-23	125736
6	ഉദയകുമാർ	2022-23	21200
7	സുധ	2022-23	14208
9	സുനിൽ ബഷീർ	2022-23	12400
9	അയ്യപ്പൻ	2024-25	16596

കുടിശ്ശിക വരുത്തി വർഷങ്ങൾ കഴിഞ്ഞിട്ടും തുക പിരിച്ചെടുക്കാൻ സ്ഥാപനത്തിന് കഴിഞ്ഞിട്ടില്ല കുടിശ്ശിക ഈടാക്കുന്നതിന് കൈക്കൊണ്ട നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻകൃയറി (11/28.07.2025) നല്കി. മുൻവർഷങ്ങളിലെ വാടകക്കുടിശ്ശിക വരുത്തിയവർക്കെതിരെ സ്വീകരിച്ചിട്ടുണ്ടെന്നും തൽവർഷത്തെ കുടിശ്ശിക വരുത്തിയ വ്യക്തിക്ക് നോട്ടീസ് നല്കിയതായും, ടിയാൻ 2025 ആഗസ്റ്റ് 31-നകം തുക അടവാക്കികൊള്ളാമെന്ന് അറിയിച്ചതായും എൻകൃയറിക്ക് മറുപടി ലഭ്യമാക്കി. കുടിശ്ശിക പൂർണ്ണമായും ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ പൂർത്തീകരിച്ചശേഷം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്

1-15-1 കടമുറികൾ വാടകക്കാരില്ലാതെ ഒഴിഞ്ഞുകിടക്കുന്നു - വരുമാന നഷ്ടം

പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ 4, 14, 15, 16, 17 എന്നീ കടമുറികൾ 2024-25 സാമ്പത്തിക വർഷം വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞുകിടക്കുന്നതായി വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കടമുറികൾ വാടകയ്ക്ക് നല്കാത്തത് സംബന്ധിച്ച് ഓഡിറ്റ് എൻകൃയറിക്ക് മറുപടിയായി, 4-ാം നമ്പർ കടമുറി 2025-26 വർഷം കുടുംബശ്രീ കുടുംബിച്ച് വാടകയ്ക്ക് നല്കിയിട്ടുണ്ടെന്നും മറ്റ് കടമുറികളുടെ ലേലം, പുനർ ലേലം എന്നിവ നടത്തിയെങ്കിലും ലേലം കൊള്ളാൻ ആരും തയ്യാറായില്ലെന്നും അറിയിച്ചു കടമുറികളുടെ അടിസ്ഥാന സൗകര്യങ്ങളിലെ അപര്യാപ്തതയാണ് അടിസ്ഥാന കാരണം എന്ന് സ്ഥലം പരിശോധിച്ചതിൽ വ്യക്തമായി.

കടമുറികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തിയശേഷം അവ വാടകയ്ക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുന്നതിലേക്ക് മാനേജ്മെന്റിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

1-16 ജലസ്രോതസ്സിൽ മാലിന്യം നിക്ഷേപിച്ചത് കണ്ടെത്തി-നോട്ടീസ് നൽകിയെങ്കിലും പിഴ ഈടാക്കിയില്ല

ജലസ്രോതസ്സിൽ മാലിന്യം നിക്ഷേപിച്ചത് കണ്ടെത്തിയതിനെത്തുടർന്ന് ഉത്തരവാദിയിൽ നിന്ന് പിഴ ഈടാക്കുന്നതിന് പഞ്ചായത്ത് സെക്രട്ടറി നോട്ടീസ് നൽകി. എന്നാൽ പഞ്ചായത്ത് കമ്മിറ്റി ഈ വിഷയം പുനഃപരിശോധിച്ച് പിഴ ഒഴിവാക്കി നൽകി. വരുമാനത്തിലുണ്ടായ നഷ്ടം 50,000 രൂപ ബന്ധപ്പെട്ട പഞ്ചായത്ത് കമ്മിറ്റിയുടെ യോഗത്തിൽ പങ്കെടുത്ത അംഗങ്ങളിൽ നിന്നും തുല്യമായി ഈടാക്കുന്നതിന് നിർദ്ദേശിച്ച് പരാമർശം ഖണ്ഡിക 2-1 ആയി ഉൾപ്പെടുത്തിയത് കാണുക.

1-17 കരാർ ലംഘനത്തിന് ചുമത്തിയ പിഴ ഈടാക്കിയില്ല

പഞ്ചായത്തിലെ തുന്ന് മരാമത്ത് പ്രവൃത്തികൾ കരാറെടുക്കുകയും പാതിവഴിയിലുപേക്ഷിക്കുകയും ചെയ്ത ശ്രീ. ജിനി എം. മാത്യു എന്ന വ്യക്തിയുടെ പേരിൽ ചുമത്തിയ പിഴത്തുക 1.45 ലക്ഷം രൂപ നാളിതുവരെ പഞ്ചായത്തിൽ അടക്കിയിട്ടില്ല. നിലവിൽ കരാറുകാരന് ഗ്രാമപഞ്ചായത്ത് കമ്മിറ്റി ആറുമാസം സാവകാശം നൽകിയിരിക്കുകയാണ്.

2022-23 സാമ്പത്തിക വർഷം ആഡിറ്റ്‌ചെയ്ത 42/2023 – അടിപ്പിന റെയിൽവേ ബണ്ട് കോൺക്രീറ്റിംഗ്, 106/2023-മാമ്മൂട്ടിൽപ്പടി എറ്റുകടന് റോഡ് കോൺക്രീറ്റിംഗ്, 41/2023- എസ്.സി. സാംസ്കാരിക നിലയം നവീകരണം എന്നീ പ്രോജക്ടുകൾ പ്രകാരമുള്ള പ്രവൃത്തികളാണ് ഉപേക്ഷിക്കപ്പെട്ടത്.

കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത ശ്രീ. ജിബി എം. മാത്യുവിനെ നിലവിലുള്ള കരാറുകളിൽനിന്ന് ഒഴിവാക്കുന്നതിനും കരാർ വ്യവസ്ഥ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിനും ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 13/63/2024-ലെ ജനറൽ കമ്മിറ്റിയിൽ തീരുമാനിച്ചു (തീരുമാനം നം. 01). തുടർന്ന്, ശ്രീ. ജിബി എം. മാത്യുവിന്റെ നഷ്ടാന്തരാദിത്വത്തിൽ കരാർ റദ്ദാക്കുന്നതിനും, പൂർത്തീകരിക്കാനവശേഷിക്കുന്ന പ്രവൃത്തികളുടെ മൂല്യ ശതമാനം ഇകയായ 1,45,492 രൂപ, 2012-ലെ പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2116.2.1 പ്രകാരം അദ്ദേഹത്തിൽ നിന്ന് ഈടാക്കാനും അഡിസ്റ്റന്റ് എഞ്ചിനിയറുടെ 19/12/2024-ലെ A1-001/2024 നടപടി ഉത്തരവിൽ നിർദ്ദേശിച്ചു. തുടർന്ന് ശ്രീ. ജിബി എം. മാത്യുവിനെ, പൊതുമരാമത്ത് നിരത്ത് വിഭാഗം പത്തനംതിട്ട എക്സിക്യൂട്ടീവ് എഞ്ചിനിയർ കരിമ്പട്ടികയിൽപ്പെടുത്തുകയും ചെയ്തു.

ശ്രീ. ജിബി എം. മാത്യു ഇക ഒടുക്കാതിരുന്നതിനാൽ ഗ്രാമപ്പഞ്ചായത്ത് തല തുടർ നടപടിക്കായി അസിസ്റ്റന്റ് എഞ്ചിനീയർ ഈ വിഷയം 22/04/2025-ൽ നം.40/AE/LSGD/KTR/2025 കത്ത് മുഖേന സെക്രട്ടറിയെ അറിയിച്ചു. എന്നാൽ 16/05/2025-ൽ കൂടിയ ഗ്രാമപഞ്ചായത്ത് കമ്മിറ്റി ഈ വിഷയം പരിശോധിക്കുകയും കരാറുകാരന് ഇക ഒടുക്കാൻ ആറുമാസത്തെ സാവകാശം അനുവദിക്കുകയും ചെയ്തു. (തീരുമാനം നം.2(1)). പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2116.2.1 പ്രകാരം അനുവദനീയമായ കാലയളവ് മൂന്നുമാസം ആണ്, അധികമായി മൂന്നുമാസം അനുവദിച്ചത് ക്രമപ്രകാരമല്ല. ഈ വിഷയത്തിൽ വിശദീകരണം തേടി സെക്രട്ടറിക്ക് ഓഡിറ്റ് എൻക്വയറി (22/31.07.2025) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

കമ്മിറ്റി അനുവദിച്ച സമയപരിധി 16/11/2025-ൽ അവസാനിക്കും. അതിനകം കരാറുകാരൻ ഇക ഒടുക്കാതിരിക്കുന്നപക്ഷം, 1,45,492 രൂപ ഈടാക്കുന്നതിന് നിയമ നിക്കവറി ഉൾപ്പടെയുള്ള തിയമാനുസൃത മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതാണ്.

ഈ വിഷയത്തിൽ തുടർനടപടികൾക്കായി പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-18 ജീവനക്കാരിൽ നിന്നും തൊഴിൽനികുതി - ഈടാക്കാനവശേഷിക്കുന്നു

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷത്തിലും 60 ദിവസത്തിൽ കവയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ് നടത്തുകയോ, തൊഴിലിടമോ, കച്ചവടമോ, ജോലിയിലോ എർപ്പെടുകയോ, പൊതുവായോ വ്യക്തിപരമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

2024-25 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ നിരവധിപ്പേരുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാനവശേഷിക്കുന്നു.

ക്രമ നം	സ്ഥാപനം	അർദ്ധവർഷം
1	ഡേ ടു ഡേ സൂപ്പർമാർക്കറ്റ് കറ്റർ	ഒന്നാം രണ്ടും അർദ്ധവർഷം
2	ക്രൗൺ പവർ സിസ്റ്റം, കറ്റർ	ഒന്നാം അർദ്ധവർഷം
3	അക്ഷയ കേന്ദ്രം കറ്റർ	ഒന്നാം രണ്ടും അർദ്ധവർഷം
4	തുക്കയിൽ ശ്രീ സുബ്രമണ്യസ്വാമി ക്ഷേത്രം, തിരുവിതാംകൂർ ദേവസ്വം ബോർഡ്	ഒന്നാം രണ്ടും അർദ്ധവർഷം
5	കുടുംബശ്രീ ഡി.ഡി.എസ് അക്കൌണ്ടന്റ്	ഒന്നാം രണ്ടും അർദ്ധവർഷം

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് (17/28.07.2025) മറുപടിയായി അറിയിച്ചിട്ടുണ്ട്. മുകളിൽ കൊടുത്തിട്ടുള്ള സ്ഥാപനങ്ങളിലെ തൊഴിൽ നികുതി ഒടുക്കേ വരുത്തുവാൻ ബാധ്യതയുള്ള മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-19 തൊഴിൽ വികുതി, ലൈസൻസ്- രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല- പിരിവിൽ കുറവ്

ലൈസൻസ് ഫീസ്, തൊഴിൽ നികുതി (രേഡേഴ്സ്) ഇനത്തിൽ കഴിഞ്ഞ 2 വർഷങ്ങളിലെ ഡിമാന്റ്, കളക്ഷൻ വിവരം ചുവടെ ചേർക്കുന്നു.

ലൈസൻസ് ഫീസ്	വർഷം	ഡിമാന്റ്	കളക്ഷൻ

	2023-24	198600	198600
	2024-25	195850	195850
തൊഴിൽ നികുതി (ടേഡേഴ്സ്)	2023-24	426550	426550
	2024-25	413650	413650

ലൈസൻസ് ഫീസ്, തൊഴിൽ നികുതി (ടേഡേഴ്സ്) വരവിൽ മുൻ വർഷത്തെക്കാൾ കുറവ് ഉണ്ടായതായി പിരിവ് വിവരം പരിശോധിച്ചതിൽ വ്യക്തമാകുന്നു. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻകുയറിക്ക് (9/28.07.2025) മറുപടിയായി മുൻ വർഷങ്ങളിൽ പ്രവർത്തിച്ചിരുന്ന നിരവധി സ്ഥാപനങ്ങൾ പ്രവർത്തനം അവസാനിപ്പിച്ചതിനാലാണ് വരവിൽ കുറവ് ഉണ്ടായിരിക്കുന്നതെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഇത് ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടില്ല. 2024-25 വർഷം വാർഡ് തിരിച്ചുള്ള ടേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും കാലികമാക്കിയിട്ടില്ല. ടേഡേഴ്സ് ലിസ്റ്റിൽ 182 സ്ഥാപനങ്ങളും തൻവർഷം ലൈസൻസ് എടുത്തിട്ടുള്ളത് 249 സ്ഥാപനങ്ങളുമാണ്. ആയതിനാൽ തന്നെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ വാണിജ്യ വ്യവസായ സ്ഥാപനങ്ങളെയും ലൈസൻസ് ഫീസ് പിരിവിന്റെ പരിധിയിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പാക്കുന്നില്ലെന്ന് വ്യക്തമാണ്. പുതിയതായി നമ്പർ അനുവദിച്ച് നല്കിയ വാണിജ്യസ്ഥാപനങ്ങൾ ലൈസൻസ് പരിധിയിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്. നികുതി/ഫീസ് ചിരിവിന് മുമ്പേയുള്ള ഉദ്യോഗസ്ഥർ തങ്ങൾക്ക് മുമ്പേയുള്ള വാർഡുകളിൽ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങളെല്ലാം തന്നെ ലൈസൻസ് പരിധിയിൽ ഉൾപ്പെടുന്നുവെന്ന് ഉറപ്പാക്കി ടേഡേഴ്സ് ലിസ്റ്റ് കൃത്യമാക്കേണ്ടതും, ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങളെ കണ്ടെത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്

1-20 കമ്മ്യൂണിറ്റി ഹാൾ വാടക - ബൈലോ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ ആസ്തിയായ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിന്റെ വാടക പിരിവ് സംബന്ധിച്ച നിബന്ധനകൾ, ഇളവ് നല്കുന്ന സാഹചര്യങ്ങൾ എന്നിവ ഉൾപ്പെടുത്തി ബൈലോ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങിയിട്ടില്ല. വാടക ഇളവ് നല്കുന്നത് സംബന്ധിച്ച് ഏകീകൃത വ്യവസ്ഥ നിലവിലില്ല. തൻ വർഷം കമ്മ്യൂണിറ്റി ഹാളിന്റെ വാടക ഇനത്തിൽ 20,000 രൂപ വരവ് വന്നിട്ടുണ്ട്. എന്നാൽ ഏകീകൃത വ്യവസ്ഥ നിലവിലില്ലാത്തിനാൽ ധാരാളം പരിപാടികൾക്ക് വാടക ഇളവ് നല്കിയിട്ടുണ്ട്. ബൈലോ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേക്ഷണത്തിന് (നം.10/28-07-2025) മറുപടിയായി പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ നടത്തിപ്പിനായുള്ള ബൈലോ തയ്യാറാക്കിയിട്ടുള്ളതാണെന്നും ആയത് 16/05/2025-ലെ ഭരണസമിതിയുടെ യോഗത്തിൽ അവതരിപ്പിച്ചെങ്കിലും തയ്യാറാക്കിയ ബൈലോയിൽ നിരത്തൽ വരുത്തുന്നതിനും വിശദമായി പഠിക്കുന്നതിനും അടുത്ത കമ്മിറ്റിയിൽ തീരുമാനമെടുക്കുന്നതിനും മാറ്റി വെച്ചതായി അറിയിച്ചിട്ടുണ്ട് ഭരണസമിതിയുടെ അംഗീകാരത്തിനു ശേഷം ബൈലോ സർക്കാരിന്റെ അംഗീകാരത്തിന് സമർപ്പിക്കുന്നതിനുള്ള നടപടികൾ ഉടൻ സ്വീകരിക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-21 പട്ടികജാതി വിഭാഗത്തിന് ശ്മശാനം - 20 ലക്ഷം ചെലവഴിച്ചു - പദ്ധതി സ്തംഭനാവസ്ഥയിൽ

പട്ടികജാതി വിഭാഗത്തിന് ശ്മശാനം നിർമ്മിക്കുന്നതിനായി വസ്തു കണ്ടെത്തിയെങ്കിലും പദ്ധതി പ്രവർത്തനങ്ങൾ മുടങ്ങിക്കിടക്കുന്നു. ആസൂത്രണത്തിന്റെ അഭാവമാണ് കാരണം.

കല്ലറ വില്ലേജിൽ സർവ്വേ നമ്പർ 38/12-1 (നിലവിലെ നമ്പർ 338/12-1)-ൽപ്പെട്ടതും 2003 അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ പേരിൽക്കൂട്ടിയിട്ടുള്ളതുമായ 12 ആർ 54 ചതുരശ്ര മീറ്റർ നിലം ആണ് ശ്മശാനം നിർമ്മിക്കുന്നതിന് കണ്ടെത്തിയത് വസ്തു പഞ്ചായത്തിന്റെ പേരിലാണെന്ന് സൂചിപ്പിച്ച് വില്ലേജ് തണ്ടപ്പേർ രജിസ്റ്ററിന്റെ പകർപ്പ്, വില്ലേജ് ഓഫീസറുടെ കത്ത് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ശ്മശാനം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ കോസ്റ്റ്ഫോർഡ് 75-5 ലക്ഷം രൂപയുടെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കി 23/03/2020-ൽ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്തിന് കോസ്റ്റ്ഫോർഡിന് പ്രതിഫലം നൽകിയതിന്റെ വിശദാംശം ഓഡിറ്റിന് ലഭ്യമാക്കിയില്ല.

2022-23-ൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി എസ്.സി വിഭാഗത്തിനുള്ള ശ്മശാനത്തിന് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് രണ്ട് സ്റ്റീൽ ഓവർ പദ്ധതികൾ നടപ്പാക്കിയിരുന്നു. പ്രസ്തുത നിലത്തിന് സംരക്ഷണഭിത്തി നിർമ്മിച്ച് മണ്ണിട്ടുയർത്തുകയാണ് ചെയ്തിട്ടുള്ളത്. ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

പദ്ധതിയുടെ പേര്	പ്രോജക്ട് നമ്പർ	ചെലവ്
എസ്.സി വിഭാഗത്തിനുള്ള ശ്മശാനത്തിന് അടിസ്ഥാന സൗകര്യം ഒരുക്കൽ	SO107/23	68231
എസ്.സി വിഭാഗത്തിനുള്ള ശ്മശാനത്തിന് അടിസ്ഥാന സൗകര്യം ഒരുക്കൽ- രണ്ടാംഘട്ടം	SO126/23	1315204

ആകെ 2003015



പദ്ധതിയുടെ നിർവ്വഹണത്തിൽ ഉണ്ടായ പ്രധാന അപാകങ്ങൾ ചുവടെ പറയുന്നവയാണ്.

1. സ്ഥലം നിരപ്പുള്ളതാണെന്നും, പൂർണ്ണ ചണ്ണുള്ള നിലമാണെന്നും, വെള്ളപ്പൊക്കസാദ്ധ്യതയുള്ളതാണെന്നും കോസ്റ്റ് ഫോർഡ് തയ്യാറാക്കിയ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിക്കാണുന്നു. വസ്തു വാങ്ങുന്നതിന് മുന്ന് ശ്രദ്ധാപൂർവ്വം പരിശോധിക്കുന്നതിനും, പദ്ധതിക്ക് അനുയോജ്യമാണോയെന്ന് പഠനം നടത്തിയിട്ടില്ല. പ്രവൃത്തിക്ക് ആധാരമായി മണ്ണ് പരിശോധന നടത്തുന്നതിനും നടപടി സ്വീകരിച്ചിട്ടില്ല. വാങ്ങിയ വസ്തുവിന്റെ ആധാരം പോലും പഞ്ചായത്തിന്റെ കൈവശമില്ല എന്നതും വസ്തുവിന്റെ കരം ഒടുക്കുന്നില്ല എന്നതും പദ്ധതിയോടുള്ള അവഗണനയെ സൂചിപ്പിക്കുന്നു.

2. നിർദ്ദിഷ്ട വസ്തുവിൽ ഓഡിറ്റ് ഭൗതിക പരിശോധന നടത്തുകയുണ്ടായി. വസ്തുവിന്റെ ഒരു ഭാഗം മാത്രമാണ് സംരക്ഷണ ഭിത്തി കെട്ടിയിട്ടുള്ളത്. ബാക്കി ഭാഗങ്ങൾ സംരക്ഷണമില്ലാതെ കൈയ്യേറ്റ ഭീഷണിയിലാണെന്ന് കണ്ടു.

3. നിർമ്മാണപ്രവൃത്തിക്ക് തയ്യാറാക്കിയ സൈറ്റ് പ്ലാൻ 30/06/2020-ൽ ജില്ലാ ടൗൺ പ്ലാനർക്ക് അംഗീകാരത്തിന് സമർപ്പിച്ചതായും, ന്യൂനതകൾ പൂജിക്കാട്ടിയും അവ പരിഹരിക്കുന്നതിന് നിർദ്ദേശിച്ചുകൊണ്ടും, ആയത് 28/06/2020-ൽ തിരികെ നൽകിയതായും കാണുന്നു. ആയത്പ്രകാരം തുടർനടപടി സ്വീകരിക്കപ്പെട്ടിട്ടില്ല.

അപാകങ്ങൾ സൂചിപ്പിച്ച് 01/08/2025-ൽ 30-ാം നമ്പരായി ഓഡിറ്റ് എൻകുയറി നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. ശരിയായ പഠനമോ ആസൂത്രണമോ ഇല്ലാതെയാണ് പദ്ധതി ഏറ്റെടുത്തിരുന്നത് എന്ന് വിലയിരുത്തുന്നു. പദ്ധതിയുടെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് യാതൊരു തുടർ മോണിറ്ററിംഗും നടത്തിയില്ല എന്നത് ഗുരുതരമായ അപാകമാണ് ഈ വിഷയത്തിൽ ഉടനടിയിൽ തുടർനടപടിക്ക് ശിപാർശ ചെയ്യുന്നു.

I-22 വഴിമുട്ടിയ അങ്കണവാടി

അയൽവാസി വഴി കെട്ടിയടച്ചതിനെത്തുടർന്ന് തൈമറവുംകര 57-ാം നമ്പർ അങ്കണവാടിയിലേക്കുള്ള പ്രവേശനം അക്ഷരാർത്ഥത്തിൽ വഴിമുട്ടി. പ്രവർത്തനം നിലച്ച അങ്കണവാടി കെട്ടിടം അടഞ്ഞുകിടക്കുകയാണ്. അങ്കണവാടി നിൽക്കുന്ന സ്ഥലം പഞ്ചായത്തിന്റെ പേരിൽ പോക്കുവരവ് ചെയ്ത് കരമടച്ചിട്ടില്ല. അങ്കണവാടിയുടെ പൊതുവഴി കൈയേറിയതു സംബന്ധിച്ച് റവന്യൂ വകുപ്പിൽ പഞ്ചായത്ത് പരാതി നൽകിയെങ്കിലും ഫലമുണ്ടായില്ല. നിലവിൽ മറ്റൊരു താല്കാലിക കെട്ടിടത്തിൽ പ്രവർത്തിക്കുകയാണ് അങ്കണവാടി.



പ്രവർത്തനം നിലച്ച അങ്കണവാടി

അങ്കണവാടി സ്ഥാപിക്കുന്നതിനായി കറ്റർ വില്ലേജ് ൽ ബ്ലോക്ക് നം.11-ൽ റീസർവ്വേ നം.351/17-ൽ ഉൾപ്പെട്ട 01 ഹെക്ടർ

സ്ഥലം ഗ്രാമപഞ്ചായത്ത് വാങ്ങിയത് 06/07/2015-ലാണ്. തുടർന്ന് പള്ളിക്കീഴ് ബ്ലോക്ക് പഞ്ചായത്തും കറ്റർ ഗ്രാ പഞ്ചായത്തും വിവിധ വാർഷിക പദ്ധതികൾ പ്രകാരം ഇക ചെലവഴിച്ച് കെട്ടിടം നിർമ്മിച്ചാണ് അങ്കണവാടി പ്രവർത്തിപ്പിച്ചുവന്നത്. 2024-25-ൽ 44,100 രൂപ ചെലവഴിച്ച് അങ്കണവാടിയിലെ ടോയ്ലറ്റ് അറ്റകുറ്റപ്പണി നടത്തിയിട്ടുണ്ട്.

ശ്രീ പൊക്കവരവ് ചെയ്ത് കരം ഒടുക്കുന്നതിലും പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിലും തീർത്തും നിസ്സഹകരണപരമായ സമീപനമാണ് പഞ്ചായത്ത് പ്രകടിപ്പിച്ചത്. ശ്രീയും കെട്ടിടവും പഞ്ചായത്തിന്റെ ആസ്തിയിലില്ലാത്തതിനാൽ വഴിയുടെ കൈയേറ്റം സംബന്ധിച്ച് കോടതിയെ സമീപിക്കാനും ഗ്രാമപഞ്ചായത്തിന് സാധിച്ചില്ല. പൊളുതൽ സംരക്ഷിക്കേണ്ടത് പഞ്ചായത്തിന്റെ ഉത്തരവാദിത്തമാണ്. അങ്കണവാടിയുടെ ശ്രീ പേരിൽത്തന്നെയാക്കുന്നതിനും കൈയേറ്റം ഒഴിപ്പിക്കുന്നതിനും സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

1-23 മരിച്ചവർക്കും ക്ഷേമപെൻഷൻ: സർക്കാർ ഖജനാവിന് നഷ്ടം - രജിസ്റ്റർ അപൂർണ്ണം

പഞ്ചായത്തിൽ നിന്നും സാമൂഹ്യ ക്ഷേമ പെൻഷൻ വാങ്ങിയ ഗുണഭോക്താക്കൾ മരണപ്പെട്ടശേഷം അവരുടെ പെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യുന്നതിൽ പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്. പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടും മരണപ്പെട്ടവരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും യഥാസമയം സസ്പെന്റ് ചെയ്യാത്തതിനാൽ മരണശേഷം ഇവരുടെ അക്കൌണ്ടിലേക്ക് കൈമാറുന്ന ഇക അനർഹർ കൈപ്പറ്റാൻ സാധ്യതയുണ്ട്. മരണപ്പെട്ടിട്ടും പെൻഷൻ സസ്പെൻഡ് ചെയ്യാത്ത ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	ഗുണഭോക്താവിന്റെ വിവരം	പെൻഷൻ ഐ.ഡി	പെൻഷൻ ഇനം	മരണപ്പെട്ട തീയതി	മരണ ശേഷം അക്കൌണ്ടിൽ ക്രഡിറ്റായ ഇക
1	കെ. കരുണാകരൻ, 13/443, ഈരടിച്ചിറ വീട്, തെങ്ങേലി, കറ്റർ, തിരുവല്ല	103800201141	ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	19-11-2024	1200
2	ആനന്ദവല്ലി കെ., 11/377, കരിമുണ്ടിൽപള്ളത്ത്, കറ്റർ	103800200645	ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	29-05-2025	3200
3	ഡി, ശെൽവം, 6/234, മുള്ളിപ്പാറയില് വീട്, ഓതറ വെസ്റ്റ്	103800200167	ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ	14-05-2025	3200
4	കുഞ്ഞുഞ്ഞമ്മ, 6/40, പാണ്ടിശ്ശേരിൽ, വെസ്റ്റ് ഓതറ, കറ്റർ, തിരുവല്ല	103800300209	ഇന്ദിരാ ഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ സ്കീം - (മാനസികം)	14-06-2025	1600
5	ലക്ഷ്മി, 13/443, ഈരടിച്ചിറവീട്, തെങ്ങേലി, കറ്റർ	103800201110	ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ	4-03-2025	8000
6	പി.കെ. മണിക്കുട്ടൻ, 4/187, തടത്തിൽ, കറ്റർ	103800201915	ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ	09-05-2025	3200
7	സുശീല വിജയൻ, 3/107, സുരേഷ് ഭവൻ, കറ്റർ	103800600780	ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ	21-06-2025	1600
8	വി.എൻ. ചെല്ലമ്മ, 13/404, കൊച്ചുതാക്കേതിൽ വീട്, തെങ്ങേലി, കറ്റർ	103800200651	ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	16-05-2025	3200
9	വിലാസിനി വിജയൻ, 5/244, അരണക്കുളത്ത്, വെസ്റ്റ് ഓതറ	103800202028	ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	12-04-2025	4800

ക്ഷേമപെൻഷൻ വാങ്ങുന്നയാൾ മരണപ്പെട്ടുകയും, ടിയാളുടെ മരണം സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ച പ്രാദേശിക സർക്കാരിൽ തന്നെ റിപ്പോർട്ട് ചെയ്യപ്പെടുകയുമാണെങ്കിൽ, റിപ്പോർട്ട് ചെയ്യപ്പെട്ട ദിവസംതന്നെ ടിയാന്റെ പേരിലുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ റദ്ദ് ചെയ്യേണ്ടതാണെന്ന് സർക്കാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണ് (സർക്കുലർ നം.എസ്.എച്ച്.സി.ബി/71/2017/ധന, തീ.22/00/2017). 22/11/2024 തീയതിയിലെ സർക്കുലർ

നം.65/2024/ധന പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ടശേഷം അനുവദിക്കുന്ന പെൻഷൻ/ കുടിശ്ശിക തുക മറ്റ് അനന്തരാവകാശികൾക്ക് അർഹതയുണ്ടായിരിക്കുന്നതല്ല എന്ന് വ്യക്തത വരുത്തിയിട്ടുണ്ട്.

പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള പെൻഷണർമാരുടെ വിവരങ്ങൾ മാത്രമാണ് ഓഡിറ്റിൽ ഒത്തുനോക്കി പരിശോധിക്കാൻ സാധിച്ചിട്ടുള്ളത്. പഞ്ചായത്ത് പരിധിക്ക് പുറത്തിൽ മരണം സംഭവിച്ചിട്ടുള്ള ഏതു പെൻഷൻകാർക്ക് തുടർന്നും പെൻഷൻ വിതരണം ചെയ്യപ്പെട്ടുവെന്ന് പരിശോധിച്ച് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. പെൻഷൻ ഗുണഭോക്താക്കൾ മറ്റ് തദ്ദേശസ്ഥാപന പരിധിയിൽ മരണപ്പെട്ടാൽ അങ്ങനെയുള്ളവരുടെ വിവരങ്ങൾ അങ്കണവാടി/ ആശാ വർക്കർമാർ മുഖേന ശേഖരിച്ച് അതാത് മാസം പെൻഷൻ ഡേറ്റാബേസിൽ നിന്നും ഒഴിവാക്കുവാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്ന് സ.ഉ.(എം.എസ്.)നം.97/2020/ധന. തീയതി 23/09/2020 നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമാക്കിയിരുന്നു. മരണപ്പെട്ടവരുടെ ക്ഷേമപെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യുന്നതിലെ വീഴ്ച മുൻ റിപ്പോർട്ടുകളിലും സൂചിപ്പിച്ചിട്ടുണ്ടെങ്കിലും തുടർ നടപടി സ്വീകരിക്കാതിരുന്നതിനാലാണ് വീണ്ടും ഇത്തരത്തിൽ അധികം തുക നൽകാനിടയായത്. അപാകം സംബന്ധിച്ച് 30/07/2025-ൽ 21-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി, മരണപ്പെട്ടവരുടെ പെൻഷൻ തുക അനർഹമായി കൈപ്പറ്റിയവരിൽ നിന്നും തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. ഇതുസംബന്ധിച്ച് ബന്ധപ്പെട്ടവർക്ക് നോട്ടീസ് നൽകിയതിന്റെ പകർപ്പ് മാത്രമാണ് ഓഡിറ്റിന് ലഭ്യമാക്കിയത്. മരണപ്പെട്ട ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് ക്രഡിറ്റ് ചെയ്തിട്ടുള്ള തുകകൾ അവരുടെ അനന്തരാവകാശികളിൽനിന്ന് തിരികെ ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ക്ഷേമ പെൻഷൻ - രജിസ്റ്റർ അപൂർണ്ണം

ക്ഷേമ പെൻഷൻ രജിസ്റ്ററിൽ വിലരങ്ങൾ പൂർണ്ണമായും കൃത്യമായും രേഖപ്പെടുത്തിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

1. പെൻഷനായുള്ള അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് അന്വേഷണോദ്യോഗസ്ഥർക്ക് കൈമാറുന്നതിന്റെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അന്വേഷണത്തിന് ശേഷം തിരികെ സ്വീകരിക്കുന്നതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല.

2. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനത്തിന്റെ വിവരം, കൗൺസിൽ അംഗീകാരത്തിന്റെ വിവരം എന്നിവ കൃത്യമായി രജിസ്റ്ററിൽ എഴുതിയിട്ടില്ല.

3. നിരാകരിച്ച പെൻഷൻ അപേക്ഷകൾ, ഏതു കാരണത്താൽ നിരസിച്ചു എന്നത് സംബന്ധിച്ച വിലരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

4. ഡേറ്റാ എൻട്രി പൂർത്തീകരിച്ച് ഡി.ബി.റ്റി സെല്ലിൽ അപ് ലോഡ് ചെയ്ത തീയതി, പെൻഷൻ അനുവദിച്ചതിന്റെ വിവരം എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

5. രജിസ്റ്ററിൽ ഉപരിപരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (13/28.07.2025) നല്കിയതിനെ തുടർന്ന് ക്ഷേമ പെൻഷനായുള്ള രജിസ്റ്ററിലെ വിവരങ്ങൾ പൂർണ്ണമാക്കി ഓഡിറ്റിൽ ഹാജരാക്കിയിരുന്നു. രജിസ്റ്റർ കൃത്യമാക്കി സൂക്ഷിക്കേണ്ടതും പെൻഷൻ അനുവദിക്കുന്നതിൽ സർക്കാരിന്റെ മാനദണ്ഡ പ്രകാരമുള്ള സമയപരിധിയും സുതാര്യതയും കാര്യക്ഷമതയും ഉറപ്പു വരുത്തേണ്ടതുമാണ്.

1-24 പഞ്ചായത്ത് ലൈബ്രറിയോട് അവഗണന

ഗ്രാമപഞ്ചായത്തിന്റെ ലൈബ്രറി അവഗണന നേരിടുന്നു. പഞ്ചായത്തിനോട് ചേർന്നുള്ളതും, പഞ്ചായത്തിന്റെ തന്നെ മറ്റൊരു കെട്ടിത്തിൽ പ്രവർത്തിച്ചിരുന്നതുമായ ലൈബ്രറി വർഷങ്ങൾക്ക് മുമ്പ് പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ ഒന്നാം നിലയിലേക്ക് മാറ്റി സ്ഥാപിച്ചു. പ്രസ്തുത ലൈബ്രറി ഹാളിൽ ലൈബ്രറി റൂം, റീഡിംഗ് റൂം, മാഗ്രന്ഥാ സമിതി ഓഫീസ്, മുലയൂട്ടൽ മുറി എന്നിവയാണുള്ളത്.



ലൈബ്രറിയുടെ പ്രവേശന വാതിൽ

ഈ ഹാളിലെ മേൽക്കൂരയും ഭിത്തികളും ടിൻ ഷീറ്റ് കൊണ്ടുള്ളതായതിനാൽ മഴക്കാലത്തും പൊലും പുട്

അനുഭവപ്പെടുന്നുണ്ട്. വായനക്ക് അനുകൂലമായ സാഹചര്യം അല്ല നിലവിലുള്ളത്. പുസ്തകശേഖരത്തിൽ 4857 പുസ്തകങ്ങളുണ്ട്. നിലവിൽ 13 എണ്ണം മാത്രമാണ് ഇതിൽ നിന്നും വിതരണം ചെയ്തിട്ടുള്ളത്.



ലൈബ്രറിയിലെ പുസ്തക ശേഖരത്തിന്റെ ഒരു ഭാഗം

ലൈബ്രറിയിൽ 59 പേർ രണ്ട് ക്ലാസുകളിലായി അംഗത്വം എടുത്തിട്ടുണ്ട്. ക്ലാസ് A വിഭാഗത്തിൽ പെടുവർക്ക് 5 രൂപയും ക്ലാസ് B വിഭാഗത്തിൽ പെടുവർക്ക് 3 രൂപയും പ്രതിമാസ വരിസംഖ്യ നിശ്ചയിച്ചിട്ടുണ്ട്. 2023 ആഗസ്റ്റിന് ശേഷം പുതുതായി ആരും അംഗത്വം എടുത്തിട്ടില്ല. ലൈബ്രറിയിൽ 6 ദിനപ്പത്രങ്ങൾ വരുത്തുന്നുണ്ട്. എന്നിരുന്നാലും വായനാനുകൂല സാഹചര്യമില്ലാത്തതിനാൽ റീഡിംഗ് റൂം ആരും ഉപയോഗിക്കുന്നില്ല എന്ന് കണ്ടു. അവസാനമായി വരിസംഖ്യ ഒടുക്കിയിരിക്കുന്നത് 2023-ലാണ്. വായനക്കാരുടെ സന്ദർശനമില്ലാത്തതിനാൽ ലൈബ്രേറിയൻ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാന പ്രകാരം പഞ്ചായത്ത് ഓഫീസിലെ ജോലികൾ ചെയ്തു വരികയാണ്. 2015 ആഗസ്റ്റിൽ, തിരുവനന്തപുരം ബുക്ക് മാർക്കിൽ നിന്നും 1 ലക്ഷം രൂപയുടെ പുസ്തകങ്ങൾ പഞ്ചായത്തിന്റെ ഫണ്ടിൽ നിന്ന് വാങ്ങിയിട്ടുണ്ട്. അതിനുശേഷം പുതിയ പുസ്തകങ്ങൾ വാങ്ങിയിട്ടില്ല.

Libraries



ലൈബ്രറി ഹാൾ

ഓഡിറ്റ് ശിപാർശ

- വരും തലമുറകളുടെ മൂല്യബോധവും, ധിഷണാശക്തിയും ഉയർത്തുന്നതിനുപകരിക്കുന്ന പഞ്ചായത്ത് ലൈബ്രറിയുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തേണ്ടത് പഞ്ചായത്തിന്റെ കടമയാണ്. പുസ്തക ശേഖരണത്തിലും നവീകരണത്തിലും, അംഗത്വവും വർദ്ധിപ്പിക്കുന്നതിലും ഇടർച്ചയായ നിരീക്ഷണം ഉണ്ടാകേണ്ടതുണ്ട്.
- ലൈബ്രറിയുടെ അടിസ്ഥാന സൗകര്യങ്ങൾ പുനഃപരിശോധിക്കുകയും, വായനക്കാരുടെ ആകർഷണം വർദ്ധിപ്പിക്കുന്നതിനാവശ്യമായ സാഹചര്യങ്ങൾ ഒരുക്കേണ്ടതുമാണ്. ഉചിതമായ കെട്ടിടത്തിലേക്ക് ലൈബ്രറി മാറ്റി സ്ഥാപിക്കുന്നതും, ലൈബ്രറിക്ക് ഒരുതുണ്ട് സ്ഥലമുണ്ടായിരുന്നതും, ഇപ്പോൾ വില്ലേജ് ഓഫീസിന് വാടകയ്ക്ക് നൽകിയിരിക്കുന്നതുമായ കെട്ടിടം ലൈബ്രറിക്ക് തിരികെ ലഭ്യമാക്കുന്നതിനുള്ള സാധ്യത ഉടനടിയിൽ പരിശോധിക്കണമെന്ന് അഭിപ്രായപ്പെടുന്നു.
- പുസ്തക ശേഖരം നവീകരിക്കുകയും, ന്യൂ ജനറേഷൻ വായനക്കാരെ ആകർഷിക്കാൻ പുതിയ ആശയങ്ങൾ (E-Library, Children's Corner, Etc.) നടപ്പാക്കേണ്ടതുമാണ്.
- ലൈബ്രേറിയന്റെ സേവനം ലൈബ്രറിയിലേക്ക് തന്നെ പരിമിതപ്പെടുത്തേണ്ടതാണ്.
- അംഗത്വം പ്രോത്സാഹിപ്പിക്കുന്നതിനുള്ള കുടുംബയോഗങ്ങളും, ഇടപെടലുകളും നടത്തേണ്ടതാണ്

1-25 ഇല്ലാത്ത ശിശുവിഹാറിന് വേണ്ടി ജീവനക്കാർക്ക് ശമ്പളം നൽകുന്നു

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ശിശുവിഹാറിൽ പഠിക്കുന്നതിന് 2025 ജൂൺ മാസം മുതൽ കുട്ടികൾ ആരുംതന്നെ

എത്തിയിട്ടില്ല എന്ന് 11/06/2025-ൽ 9(1) നമ്പരായി പഞ്ചായത്ത് കമ്മിറ്റി എടുത്ത തീരുമാനത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ശിശുവിഹാറിലെ പാർട്ട് ടൈം ടീച്ചറിന്റെ സേവനം താൽക്കാലികമായി കറുകപുത്തൂർ പഞ്ചായത്തിലെ പാണ്ടിയൂറി ഗവ. എൽ.പി. സ്കൂളിന് വിട്ട് നൽകുന്നതിന് ഗ്രാമപഞ്ചായത്ത് കമ്മിറ്റി ഇതേ യോഗത്തിൽത്തന്നെ തീരുമാനിച്ചതായി കാണുന്നു. ആയതിനാൽ പാർട്ട് ടൈം ആയയുടെ സേവനം പഞ്ചായത്ത് ഓഫീസിലെ ലഭ്യമാക്കുന്നതിന് അനുവാദത്തിനായി 28/06/2025-ൽ എസ്.സി3.1/2025 നമ്പരായി തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. 01/08/2025-ൽ 33-ാം നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടിയായി, ഈ വിഷയത്തിൽ അനുമതി ഇതുവരെ ലഭ്യമായില്ല എന്ന് അറിയിച്ചു.

പാർട്ട് ടൈം ആയയെയും പാർട്ട് ടൈം ടീച്ചറെയും പഞ്ചായത്ത് നിയമിച്ചിട്ടുള്ളതാണെന്നതിന്റെ തിവരം ലഭ്യമാക്കിയിട്ടില്ല. നിലവിൽ ഇല്ലാതായ തസ്തികയിലെ ജീവനക്കാർക്ക് വേണ്ടി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നാണ് വേതനം നൽകി വരുന്നത്. പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരായതിനാൽ ഇവരെ പഞ്ചായത്തിലെ തത്തുല്യമായ മറ്റ് പാർട്ട് ടൈം കണ്ടിജന്റ് സർവ്വീസിലേക്ക് മാറ്റുന്നതിന് സർക്കാറിൽ നിന്ന് അനുമതി വാങ്ങുകയാണ് ഉചിതമെന്ന് അഭിപ്രായപ്പെടുന്നു. ഈ വിഷയത്തിൽ സർക്കാരിന്റെ അനുമതി ഉത്തരവ് വാങ്ങി തുടർനടപടി സ്വീകരിക്കേണ്ടതാണ്.

I-26 സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി ആവിഷ്കരിച്ച പ്രോജക്ടുകൾ ഏറെയും നടപ്പാക്കിയില്ല

1) 2024-25-ൽ 31 പ്രോജക്ടുകൾ ആവിഷ്കരിച്ച് അംഗീകാരം നേടിയിട്ടുണ്ടെങ്കിലും 3 ജി.ഒ പ്രോജക്ടുകൾ ഉൾപ്പെടെ 17 പ്രോജക്ടുകൾ മാത്രമേ നടപ്പാക്കിയിട്ടുള്ളൂ. 14 എണ്ണം നടപ്പാക്കിയില്ല വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്ട് നമ്പർ	പ്രോജക്ട്	പ്രോജക്ട് തരം	പ്രോജക്ട് തുക	ഫണ്ടിനം	റിമാർക്സ്
1	183	കംപ്യൂട്ടറിന്റെയും അനുബന്ധ സാധനങ്ങളുടെയും എ.എം.സി	New	100000	വികസനഫണ്ട്	23-24-ൽ ആവിഷ്കരിച്ചിട്ടും നടപ്പാക്കിയില്ല
2	219	പള്ളിപ്പുറം കൊളുനി റോഡ് പുനരുദ്ധാരണം - ബ്ലോക്ക് പഞ്ചായത്തിന് വിഹിതം നൽകൽ	S.O	400000	വികസനഫണ്ട് (എസ്.സി.പി)	25-26-ൽ സ്പിൽ ഓവർ ആക്കി അംഗീകാരം നേടിയിട്ടുണ്ട്. തുക ചെലവഴിച്ചിട്ടില്ല
3	110	എ.ബി.സി	S.O	200000	തനത് ഫണ്ട്	23-24- ലെ സ്പിൽ ഓവർ പ്രോജക്ട്
4	168	തെരുവ് നായ വാക്സിനേഷൻ	S.O	25000	തനത് ഫണ്ട്	23-24- ലെ സ്പിൽ ഓവർ പ്രോജക്ട്
5	116	ദുരന്തനിവാരണ ആവശ്യത്തിന് പ്ലാവ് പുളുകൽ	So	120808	വികസനഫണ്ട്	-
6	113	കാലാവസ്ഥാ വ്യതിയാനം - പ്രാദേശിക കർമ പദ്ധതി	So	26793	വികസനഫണ്ട്	-
7	114	മൈക്രോവൈവിധ്യ മാനേജ്മെന്റ് രജിസ്റ്റർ പുതുക്കൽ	So	100000	തനത് ഫണ്ട്	23-24-ലെ സ്പിൽ ഓവർ പ്രോജക്ട്
8	115	ഐ.എസിമ	So	120250	വികസനഫണ്ട്, തനത് ഫണ്ട്	23-24 ലെ സ്പിൽ ഓവർ പ്രോജക്ട്
9	170	പഞ്ചായത്തിലെ ഹൈമാസ്റ്റ് ലൈറ്റ് മെയിൻറനൻസ്	So	135000	വികസനഫണ്ട്	23-24-ലെ സ്പിൽ ഓവർ പ്രോജക്ട് 25-26-ൽ സ്പിൽ ഓവർ ആക്കി അംഗീകാരം നേടിയിട്ടുണ്ട്. തുക ചെലവഴിച്ചിട്ടില്ല.
10	171	നിലാവ് - എ.എം.സി	So	98000	തനത് ഫണ്ട്	-
11	174	ഗ്രാമപഞ്ചായത്ത് കോൺഫറൻസ് ഹാളിലേക്ക് എ.സി വാങ്ങൽ	S.O	85000	വികസനഫണ്ട്	23-24-ലെ സ്പിൽ ഓവർ പ്രോജക്ട്
12	56	തൈപ്പുണ്യം	New	242680	വികസനഫണ്ട്	-

		ആരംഭിക്കുന്നതിന് പരിശീലനം - വനിത				
13	188	ആശ്രയ പദ്ധതി	New	100000	വികസനഫണ്ട്	-
14	189	വാട്ടർ എ.റ്റി.എം., എ.ഫി.സി.	New	25000	തനത് ഫണ്ട്	-

തൽ പ്രോജക്ടുകളിൽ, 1) പള്ളിപ്പുറം കൊളന്നി റോഡ് പുനരുദ്ധാരണം - ബ്ലോക്ക് പഞ്ചായത്തിന് അധികം നൽകൽ, 2) പഞ്ചായത്തിലെ ഹൈമാസ്റ്റ് ലൈറ്റ് മെയിൻറനൻസ് എന്നിവ മാത്രമേ സ്പിൽ ഓവർ പദ്ധതികളായി അംഗീകാരം നേടിയിട്ടുള്ളൂ.

2) പുറമെ പറയുന്ന പ്രോജക്ടുകൾ 2023-24-ൽ അംഗീകാരം വാങ്ങിയ ശേഷം നടപ്പാക്കാതെയും 2024-25-ൽ സ്പിൽ ഓവറായി നടപ്പാക്കാതെ ഉപേക്ഷിച്ചവയുമാണ്.

ക്ര നം.	പ്രോജക്ടുകൾ
1	ജൽജീവൻ മിഷൻ പദ്ധതി
2	പ്ലാസ്റ്റിക് പാഴ്വസ്തു സംസ്കരണ ശാലയുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് ഇക വകയിരുത്തൽ
3	വൃക്ക രോഗികൾക്ക് സഹായം
4	ഫീൽഡ് സ്റ്റഡിക്ക് ടീച്ചർമാർ പ്ലാന്റിനുള്ള വിഹിതം നൽകൽ
5	വാതിൽപ്പടി സേവനം
6	ഓഫീസ് നെറ്റ് വർക്കിംഗ്
7	എ.ഇ. സെക്രട്ടറി എന്നിവർക്ക് ലാപ്ടോപ്പ് വാങ്ങൽ

ഇപ്രകാരം പണതികൾ ആവിഷ്കരിക്കുകയും അവ നടപ്പാക്കാതിരിക്കുകയും ചെയ്യുന്നതിലൂടെ ഇതിന് വിനിയോഗം ചെയ്യേ മാനവവിഭവ ശേഷിയും സമയവും നഷ്ടപ്പെടുത്തുകയാണ് ചെയ്യുന്നത്. ഇത് ആകെ പദ്ധതികളുടെ ഫലപ്രാപ്തിയെയും വികസനലക്ഷ്യങ്ങളുടെയും നേട്ടങ്ങളെയും ദോഷകരമായി ബാധിക്കുന്നതാണ് അപാകതയിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതും ഭാവിയിൽ ഒഴിവാക്കേണ്ടതുമാണ്.

1-27 ഇ-ടെണ്ടർ നടപടികളുടെ സുതാര്യത ഉറപ്പുവരുത്തിയില്ല

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ടെണ്ടർ/കോട്ടേഷൻ പരസ്യങ്ങൾ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ വെബ് സൈറ്റിലും പ്രസിദ്ധീകരിക്കേണ്ടതാണെന്ന് 08/12/2009-ലെ നം.15744/RD.I/07/ത.സ്വ.ഭ.വ. സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. തരാതരം പ്രവൃത്തികളുടെ ടെണ്ടർ നോട്ടീസ് സർക്കാരിന്റെ/തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ 23/06/2018-ലെ ഡി.ബി.I-7942/2018/CE/ത.സ്വ.ഭ.വ. സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികളുടെ വിശദാംശം പൊതുജനങ്ങൾക്കുകൂടി ലഭ്യമാക്കുന്നതിലൂടെ സുതാര്യത നിലനിർത്തുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ്. ഇപ്രകാരമൊരു സംവിധാനമേർപ്പെടുത്തിയിട്ടുള്ളത്.

ഗ്രാമപഞ്ചായത്ത് 2024-25 സാമ്പത്തിക വർഷം ആവിഷ്കരിച്ച് നടപ്പിലാക്കിയ വിവിധ തരാതരം പ്രവൃത്തികളുമായി ബന്ധപ്പെട്ട എല്ലാ ഇ-ടെണ്ടർ നടപടികളുടെയും വിശദാംശം (ഇ-ടെണ്ടർ നോട്ടീസ്, തീയതി, Etc) Https://Tender.lsgkerala.Gov.In എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല. കൂടാതെ ടെണ്ടർ സ്വീകരിക്കാനുള്ള സമയപരിധി അവസാനിക്കുന്ന തീയതിയിലാണ് ചില ടെണ്ടർ പരസ്യങ്ങൾ സൈറ്റിൽ അപ്ലോഡ് ചെയ്തിരിക്കുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.

1. വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കാതിരുന്ന ടെണ്ടർ പരസ്യം - 200/2025- ഞാടിക്കുപ്പടി മണലിപ്പടി റോഡിൽ പി.ഐ.പി കനാലിനു കുറുകെ കലുങ്ക് നിർമ്മാണം, വാർഡ്-11

2. സമയപരിധി അവസാനിക്കുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച ടെണ്ടർ പരസ്യം-

- 200/2025- ഞാടിക്കുപ്പടി മണലിപ്പടി റോഡിൽ പി.ഐ.പി കനാലിനു കുറുകെ കലുങ്ക് നിർമ്മാണം, വാർഡ്-11
- 44/2025- ഗവ. എൽ.പി സ്കൂളുകളുടെ മേൽക്കൂര നവീകരണം
- 225/2025- മൈലമുട്ടിൽ കല്ലിട്ട കടവ് റോഡ് മെയിൻറനൻസ്, വാർഡ്-1
- 230/2025- കല്ലൻകളം കണ്ണാപ്പുപ്പടി റോഡ് ടി ടാറിംഗ് മൂന്നാംഭാഗം, വാർഡ് -7
- 231/2025- കല്ലൻകളം കസ്തൂരിമണ്ണിൽ റോഡ് പുനരുദ്ധാരണം, വാർഡ് 8
- 232/2025- 56-ാം നമ്പർ അങ്കണവാടി നവീകരണം

› 233/2025- കെ.പി.എം.എസ് സ്മാരകത്തിൽപ്പടി റോഡ് രണ്ടാംഘട്ടം പുനരുദ്ധാരണം, വാർഡ് -5

ഈ വിഷയത്തിൽ വിശദീകരണം ലഭിക്കുന്നതിനായി സെക്രട്ടറിക്ക് ഓഡിറ്റ് എൻക്വയറി (23/31.07.2025) നൽകി. മറുപടി ലഭ്യമാക്കിയതുകിലും, ഇ-ടെണ്ടർ വിവരങ്ങൾ വെബ് സൈറ്റിൽ യഥാസമയം നൽകാതിരുന്നതിന്റെ കാരണം മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല.

ടെണ്ടർ നടപടികളിൽ സുതാര്യത ഉറപ്പുവരുത്താൻ സർക്കാർ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-28 ഇ.എം.എസ് ഹൌസിംഗ്-നിക്ഷിപ്തമായി കിടക്കുന്ന തുക ഭവനനിർമ്മാണത്തിന് വിനിയോഗിക്കേണ്ടതാണ്

Veo

എസ്.സി ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് ഇ.എം.എസ് ഹൌസിംഗ് പദ്ധതിക്ക് വകയിരുത്തിയ തുകയിൽ ചെലവഴിക്കാതെ ബാങ്കുകളിൽ അവശേഷിക്കുന്ന തുക ലൈഫ് ഭവനപദ്ധതിക്കായി ഉപയോഗിക്കുന്നതിന് 03/11/2022ലെ സ.ഉ.(സാധാ)നം. 2674/2022/ത.സ്വ.ഭ.വ., പ്രകാരം ഉത്തരവായിട്ടുണ്ട്. കുറ്റൂർ ഗ്രാമപഞ്ചായത്തിൽ ഇ.എം.എസ് ഹൌസിംഗിന് പഞ്ചായത്ത് പ്രസിഡന്റിന്റെയും ലേഡി വി.ഇ.ഒ-യുടെയും പേരിൽ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് എ.700(അക്കൌണ്ട് നം.- 3424)-ൽ ആരംഭിച്ചിട്ടുള്ള ബാങ്ക് അക്കൌണ്ടിൽ 31/07/2025-ലെ ബാലൻസായി 43,93,143 രൂപ അവശേഷിക്കുന്നുണ്ട്. നിക്ഷിപ്തമായി കിടക്കുന്ന തുക എസ്.സി വിഭാഗത്തിലെ ലൈഫ് ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് ഉപയോഗിക്കേണ്ടതാണ്.

1-29 സ്യൂട്ട് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല

OA No.90/2020 എന്ന കേസ് നടത്തിയതിന്റെ ഫീസ് ഇനത്തിൽ അഡ്വ. റ്റി.എസ്. സുരേഷിന് 15,000 രൂപ നൽകിയിട്ടുണ്ട് (ചെക്ക് നം. 4022 തീയതി 25/06/2024). ഗ്രാമപഞ്ചായത്തിലെ സ്യൂട്ട് രജിസ്റ്റർ പരിശോധിച്ചതിൽ ഇപ്രകാരമൊരു കേസ് നിലവിലുള്ളതിന്റെ വിവരമോ വക്കീൽ ഫീസ് നൽകിയതിന്റെ വിശദാംശമോ രേഖപ്പെടുത്തിയിട്ടില്ലായെന്ന് കണ്ടു. കൂടാതെ, സ്യൂട്ട് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള WP(c)NO.1651/2022, WP(c)NO.15931/2023, OS NO.06/2022, PR NO.74/2023, WP(c)NO.40796/2023, NO.40898/2023, NO.21411/2023, OS NO.100/2025 എന്നീ കേസുകളുടെ വിശദാംശം, വക്കീൽ ഫീസ് നൽകിയതിന്റെ വിവരം എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

3C2

കേസ് നടത്തിപ്പിലെ വീഴ്ച മൂലമുണ്ടാകുന്ന കുടുംബങ്ങൾക്ക്, ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപന മേധാവിയും കാര്യനിർവ്വഹണ ഉദ്യോഗസ്ഥരും ഉത്തരവാദികളായിരിക്കുമെന്ന് 20/12/2016-ലെ സർക്കുലർ നം. 106803(3)/ഡി.എ.2/2016/ത.സ്വ.ഭ.വ പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. എല്ലാ സ്ഥാപന മേധാവിമാരും കേസുകളുടെ വിശദാംശം സ്യൂട്ട് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെന്നും, കൂടാതെ, കേസ് നടത്തിപ്പിന് ചട്ടങ്ങൾ അനുശാസിക്കും പ്രകാരം അഡ്വക്കേറ്റിനെ ചുമതലപ്പെടുത്തി, ആവശ്യമായ വിവരങ്ങൾ കൈമാറേണ്ടതും, കേസ് പരിഗണിക്കുമ്പോൾ അഡ്വക്കേറ്റ് ഹാജരായിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

ഈ വിഷയം ഓഡിറ്റ് എൻക്വയറി (27/02.08.2025) മുഖേന സെക്രട്ടറിയെ ധരിപ്പിച്ചു. സ്യൂട്ട് രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകത ശ്രദ്ധയിൽപ്പെടുത്തും, സ്വീകരിച്ച തുടർ നടപടിയുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

1-30 വില്ലേജ് ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വൈദ്യുത ചാർജ് കടിശിക തനത് ഫണ്ടിൽ നിന്ന് ഒടുക്കി വന്നത്തി

പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരം പഞ്ചായത്ത് ലൈബ്രറിയുടെ കെട്ടിടത്തിലാണ് വാടകരഹിതമായി വില്ലേജ് ഓഫീസ് പ്രവർത്തിച്ച് വരുന്നത്. സ്വന്തം കെട്ടിടത്തിൽ നിന്ന് മാറിയതിനെത്തുടർന്ന് ലൈബ്രറി മറ്റൊരിടത്താണ് പ്രവർത്തിച്ച് വരുന്നത്. വില്ലേജ് ഓഫീസ് പ്രവർത്തിക്കുന്ന ടി കെട്ടിടത്തിലെ 09/2021 മുതൽ 06/2022 വരെയുള്ള കാലയളവിലെ വൈദ്യുത ചാർജ് (കൺസ്യൂമർ നമ്പർ 1155346019189) ഒടുക്കുന്നതിനായി 14,957 രൂപയുടെ കടിശികയും 5,095 രൂപയുടെ സർചാർജും അടങ്ങിയ ഡിമാൻഡ് നോട്ടീസ് (കൺസ്യൂമർ നമ്പർ 1155346019189) കെട്ടിടത്തിന്റെ ഉടമസ്ഥതയുള്ള പഞ്ചായത്തിന് കെ.എസ്.ഇ.ബി-യിൽ നിന്നും നൽകിയിട്ടുണ്ട്. ചെക്ക് നമ്പർ 4002 തീയതി 18/04/2024 പ്രകാരം 14,957 രൂപയും, ചെക്ക് നമ്പർ 4010 തീയതി 17/05/2024 ആയി 5,095 രൂപയും തനത് ഫണ്ടിൽ നിന്നും കെ.എസ്.ഇ.ബി-യിലേക്ക് ഒടുക്കി വന്നത്തി.

3C3

എന്നാൽ ലൈബ്രറി നിലവിൽ ഇലക്ട്രിസിറ്റി മീറ്റർ സ്ഥാപിക്കപ്പെടാത്ത ഹാളിലാണ് പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത് എന്ന് കണ്ടു. കുറ്റൂർ വില്ലേജ് ഓഫീസ് പ്രവർത്തിച്ചു വരുന്ന കെട്ടിടത്തിന്റെ വൈദ്യുതി ചാർജ് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് ഒടുക്കിയത് ക്രമപ്രകാരമല്ല. കഴിഞ്ഞ 10 വർഷമായി ഈ കെട്ടിടത്തിൽത്തന്നെയാണ് വില്ലേജ് ഓഫീസ്

പ്രവർത്തിക്കുന്നതിനാൽ ഓഡിറ്റ് നടത്തിയ എക്സിറ്റ് മീറ്റിംഗിൽ വിശദീകരണം ലഭിച്ചു.
വിദ്യാഭ്യാസ ആവശ്യത്തിനായി പ്രവർത്തിച്ച കെട്ടിടത്തിലെ വൈദ്യുതി ചാർജ് ഇനത്തിൽ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് നാളിതുവരെ നൽകിയ തുക കണക്കാക്കേണ്ടതും, ആയത് റവന്യൂ വകുപ്പിൽ നിന്ന് തിരികെ വാങ്ങുന്നതിനായുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. തുടർനടപടി സ്വീകരിച്ച് അപാകം പരിഹരിക്കുന്നത് വരെ ഓഡിറ്റ് വർഷം ഇപ്രകാരം ചെലവഴിച്ച തുക 20,052 രൂപ തടസ്സപ്പെടുത്തുന്നു.

1-31 ടൂറിസം സാദ്ധ്യതകൾ പ്രയോജനപ്പെടുത്താവുന്ന മതിരംപുഴ ചാൽ

പഞ്ചായത്ത് പ്രദേശത്തെ ഒരു ജലസ്രോതസ്സാണ് മതിരംപുഴ ചാൽ. വർഷം മുഴുവൻ ജലലഭ്യതയുള്ള ഒരു ചെറു തടാകമാണിത്. ഇതിനോട് ചേർന്ന് ഏകദേശം ഒന്നര ഹെക്ടർ സ്ഥലം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുണ്ട്. ഒരു വശത്ത് റോഡും മറുവശത്ത് മുള്ളുടവും അതിരിടുന്ന ഈ പ്രദേശം പ്രാദേശിക ടൂറിസത്തിന് സാദ്ധ്യതകൾ ഉറന്നിടുന്നു. മിനി പാർക്ക് സ്ഥാപിക്കുന്നതിനും, സ്റ്റീഡ് ബോട്ട്, കയാക്കിംഗ്, കുട്ടവഞ്ചി സവാരി തുടങ്ങിയുള്ള ജല വിനോദങ്ങൾക്കും ഏറ്റവും അനുയോജ്യമാണിവിടം.



മതിരംപുഴ ചാൽ

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ പ്രകൃതിരമണീയമായ വിനോദസഞ്ചാര സാദ്ധ്യതകളുള്ള കേന്ദ്രങ്ങളെ വികസിപ്പിച്ച് അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിന് ശ്രമിക്കേണ്ടതാണെന്ന് പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ [സ.ഉ.(കൈ.)നം.84/2022/ത.സ്വ.ഭ.വ തീയതി 19/04/2022] ഖണ്ഡിക 8.15-ൽ നിർദ്ദേശമുള്ളതാണ്. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിക്കളിലും കുറഞ്ഞത് ഒരു വിനോദസഞ്ചാര കേന്ദ്രമെങ്കിലും വികസിപ്പിക്കുന്നതിനായി ടൂറിസം വകുപ്പ് ഇടക്കിടെ ഡെസ്റ്റിനേഷൻ ചലഞ്ച് എന്ന പദ്ധതി എടുത്തുകാറുള്ളതാണ്. ചെലവ് ടൂറിസം വകുപ്പും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും സംയുക്തമായി വഹിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.
മതിരംപുഴ ജലസ്രോതസ്സ് സംരക്ഷണത്തിനായി പഞ്ചായത്ത് ആവിഷ്കരിച്ച പ്രോജക്ട് പ്രകാരം വിവിധ വർഷങ്ങളിലായി 31.76 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ചാലിന്റെ ഒരു വശം കെട്ടി സംരക്ഷിച്ചിട്ടുണ്ട്. കൂടാതെ, പോള നീക്കി ജലാശയം വൃത്തിയാക്കിയിട്ടുമുണ്ട്. ടൂറിസത്തിലൂടെ പ്രാദേശിക സാമ്പത്തിക വികസനം എന്ന ലക്ഷ്യം അടിസ്ഥാനമായിരിക്കെ എസ്. ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

1-32 മെൻസ്ട്രൽ കപ്പ്- വാങ്ങിയവ പൂർണ്ണമായും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തില്ല

പദ്ധതിയുടെ പേര്	മെൻസ്ട്രൽ കപ്പ് വിതരണം (583/25)
നിർവ്വഹണ ഉദ്യോഗസ്ഥ	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി
അടങ്കൽ	4,42,680 രൂപ
ചെലവ്	4,26,880 രൂപ
ബിൽ റഫറൻസ് നമ്പർ, തീയതി	50632/17.12.2024

MO PHC

പദ്ധതി പ്രകാരം 1423 മെൻസ്ട്രൽ കപ്പുകൾ എച്ച്.എൽ.എൽ ലൈഫ് കെയർ ലിമിറ്റഡ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയതിന് (Small- 369 എണ്ണം, Medium 774 എണ്ണം, Large 280 എണ്ണം) 4,26,880 രൂപ ചെലവഴിച്ചിട്ടുണ്ട്. സ്റ്റോക്കിൽ എടുത്തശേഷം അവ നാല് സബ്സെന്ററുകൾക്ക് നൽകിയതിന്റെയും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെയും വിശദാംശം മുകളിൽ ചേർക്കുന്നു.

സബ്സെന്ററിന്റെ പേര്	സ്റ്റോക്കിൽ നിന്ന് കൈപ്പറ്റിയ എണ്ണം	ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തത്	വിതരണം ചെയ്യാൻ ബാക്കി
തലയാർ സബ്സെന്റർ	452	364	88
മെയിൻ സെന്റർ	276	132	144
വെൺപാല	309	143	166
വെസ്റ്റ് ഓതറ	386	213	173
ആകെ	1423	852	571

ബാക്കിയുള്ള മെൻസ്ട്രൽ കപ്പുകൾ വിതരണം ചെയ്യുന്നതിന് എന്ത് നടപടി സ്വീകരിച്ചു എസ്. അന്വേഷിച്ച് 04/08/2025-ൽ 39-ാം നമ്പരായി ഓഡിറ്റ് എൻക്വയറി നൽകി. വിതരണം പൂർത്തീകരിക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി രേഖാമൂലം നൽകി.

മെൻസ്ട്രൽ കപ്പുകളുടെ വിതരണം പൂർത്തീകരിച്ചശേഷം അറിയിക്കേണ്ടതാണ്.

1-33 ലൈഫ് ഭവന പദ്ധതി: ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നു

ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥരായി മൻവർഷങ്ങളിൽ കരാറിൽ ഏർപ്പെടുകയും, ഭവന നിർമ്മാണത്തിന് വിവിധ ഗഡുക്കളായി തുക കൈപ്പറ്റുകയും ചെയ്തിട്ടുള്ള ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം	ഗുണഭോക്താവിന്റെ പേരും വിലാസവും	ആകെ കൈപ്പറ്റിയ തുക	അവസാന ഗഡു കൈപ്പറ്റിയ തീയതി
	ലൈഫ് ഭവന പദ്ധതി (എസ്.സി.പി)		
1	സതീദേവി പി.എസ്., പാലമുട്ടിൽ, വെൺപാല	200000	16.10.2023
2	അജിത പി.സി., പണയിൽ, വെൺപാല	40000	27.09.2023
3	സതള്ളത ബാബു, പുലിപ്പാറയിൽ, കറ്റർ	40000	06.12.2023
4	റോയ് എം.ജെ., തുണ്ടുപറമ്പിൽ	375000	20.05.2020
	ലൈഫ് ഭവന പദ്ധതി (ജനറൽ)		
1	വിനോദ് സി.ബി, ചാനക്കണ്ടിയിൽ	200000	16.10.2023
2	ഭവാനിയമ്മ, പടിഞ്ഞാറെ മുറിവന, വെൺപാല	200000	05.05.2023
3	രാധാകൃഷ്ണൻ, ഇരുത്തിയിൽ, കറ്റർ	40000	24.01.2024

ഭവന നിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്ന ഗുണഭോക്താക്കൾ ആയത് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആദ്യഗഡു കൈപ്പറ്റിയ ശേഷം പണി ആരംഭിക്കാത്ത ഗുണഭോക്താക്കളിൽ നിന്നും തുക പലിശ സഹിതം ഈടാക്കേണ്ടതാണ്. ടി വിഷയത്തിൽ സ്വീകരിച്ച തുടർ നടപടിയുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-34 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങളിൽ അപര്യാപ്തത

ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 20 അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങളെ കുറിച്ച് നടത്തിയ വിശകലനത്തിൽ, കെട്ടിടം, ടോയ്‌ലറ്റ്, ചുറ്റുമതിൽ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളിൽ അപര്യാപ്തത നിലനിൽക്കുന്നതെന്ന് വ്യക്തമായി. 8 അങ്കണവാടികൾക്ക് മാത്രമാണ് സ്വന്തം കെട്ടിടമുള്ളത്. 9 എണ്ണം വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. അവശേഷം 3 അങ്കണവാടികൾ വാടകരഹിതമായി പ്രവർത്തിക്കുന്നു. നമ്പർ 22, 46 എന്നീ അങ്കണവാടികൾക്ക് കെട്ടിടനിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭ്യമായിട്ടുണ്ടെങ്കിലും നിർമ്മാണത്തിന് നടപടികൾ ആരംഭിച്ചിട്ടില്ല. 45-ാം നമ്പർ അങ്കണവാടി കാലപ്പഴക്കമുള്ള സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. നമ്പർ 59, 123 എന്നീ അങ്കണവാടികളുടെ അടുക്കളകൾക്ക് അടിസ്ഥാനസൗകര്യത്തിന്റെ അപര്യാപ്തതയുണ്ട്. വെള്ളക്കെട്ട് ഉള്ളയിടത്താണ് 56-ാം നമ്പർ അങ്കണവാടി സ്ഥിതി ചെയ്യുന്നത്. ചുറ്റുമതിൽ ഇല്ലാത്തതിനാൽ 54, 57 എന്നീ സെന്ററുകൾക്ക് സുരക്ഷിതത്വ ഭീഷണിയുണ്ട്. പ്രവേശിക്കുന്നതിന് വഴിയില്ലാത്തതിനാൽ 57-ാം നമ്പർ അങ്കണവാടി കെട്ടിടം നിലവിൽ പൂട്ടിയിട്ടിരിക്കുന്നു.

സർക്കാരിന്റെ പദ്ധതി നിർവഹണ മാർഗ്ഗരേഖ അനുസരിച്ച്, എല്ലാ അങ്കണവാടികൾക്കും സ്വന്തം സ്ഥലം, കെട്ടിടം,

ചുറ്റതിൽ, കടിവെള്ളം, ഫർണിച്ചർ, മറ്റ ഭൗതിക സൗകര്യങ്ങൾ ഉൾപ്പടെയുള്ള അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കി ബദ് സൗഹൃദ അങ്കണവാടികളായി രൂപപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസലുകൾക്ക് പ്രാധാന്യം നൽകണമെന്ന് ആവശ്യമായുണ്ട്. ഗ്രാമ പഞ്ചായത്തിൽ ഒരു സ്മാർട്ട് അങ്കണവാടി മാത്രമേ നിലവിലുള്ള എന്നതാണ് വസ്തുത.

അസ്സി. എഞ്ചിനീയറുടെ നിർവഹണത്തിനായി 2022-23, 2023-24 വർഷങ്ങളിൽ അങ്കണവാടികളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിരുന്നുവെങ്കിലും 2024-25 കാലയളവിലാണ് അങ്കണവാടികളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ശ്രദ്ധയുണ്ടായത്. 8,24 ലക്ഷം രൂപ ഇതിനായി ചെലവഴിച്ചിട്ടുണ്ട്.

അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് അനുപൂരക പോഷകാഹാര പദ്ധതിയുമായി ബന്ധപ്പെട്ട കേന്ദ്ര ഫണ്ടുകളുടെ വിനിയോഗ സാധ്യത പ്രയോജനപ്പെടുത്താൻ പഞ്ചായത്ത് ശ്രമിച്ചിട്ടുണ്ട്. 54, 57 നമ്പർ അങ്കണവാടികളുടെ നവീകരണത്തിനായി 2023-24, 2024-25 വർഷങ്ങളിൽ ആവിഷ്കരിച്ച പദ്ധതിയ്ക്ക് കേന്ദ്ര ഫണ്ടാണ് വകയിരുത്തിയത്. എന്നാൽ പദ്ധതി നടപ്പാക്കിയില്ല.

അനുപൂരക പോഷകാഹാര പദ്ധതിയ്ക്ക് കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുന്ന വിഹിതത്തിൽ നിന്ന് ചെലവാകാതെ അവശേഷിക്കുന്ന തുക ഉപയോഗിച്ച്, സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്കായി സ്ഥലം വാങ്ങുകയും, കെട്ടിടമില്ലാത്തവയ്ക്കായി കെട്ടിടം നിർമ്മിക്കുകയും, കടിവെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളൊരുക്കുകയും, കളിക്കോപ്പുകൾ, ഭക്ഷണപാചകത്തിനാവശ്യമായ പാത്രങ്ങൾ, സംഭരണികൾ തുടങ്ങിയവ വാങ്ങുകയും ചെയ്യുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകണമെന്ന് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 03/09/2010-ലെ നമ്പർ 39033/ഡി.സി2/2010/ത.സ്വ.ഭ.വ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. പോഷകാഹാര വിതരണത്തിനായി മറ്റ ഫണ്ടുകളും വിനിയോഗിക്കുന്ന സാഹചര്യത്തിൽ, ഓരോ വർഷവും ലഭിക്കുന്ന കേന്ദ്രവിഹിതത്തിന്റെ ചെറിയൊരു ശതമാനമാണ് പോഷകാഹാര വിതരണത്തിനായി കേന്ദ്ര ഫണ്ടിൽ നിന്നും വിനിയോഗിക്കപ്പെടുന്നത്. 2024-25-ൽ ഇപ്രകാരം അവശേഷിച്ച കേന്ദ്ര വിഹിതം 18,02,689 രൂപയാണ്. ഈ ഫണ്ട് വിനിയോഗിച്ച് കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും പഞ്ചായത്തിന് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കാവുന്നതാണ്.

ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെ ക്രിയാത്മകമായ ഇടപെടൽ ഉണ്ടാകുന്നതിന് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-35 യോഗ നടപടികളുടെ മിനിട്സ് അംഗീകരിക്കുന്നതിൽ കാലതാമസം

1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമ ചട്ടങ്ങളിലെ) ചട്ടം 26(8) പ്രകാരം യോഗം കഴിഞ്ഞ് മൂന്ന് ദിവസത്തിനകം സെക്രട്ടറി മിനിട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ സകർമ്മ ആപ്ലിക്കേഷൻ മുഖേനയുള്ള ഭരണസമിതി യോഗങ്ങളുടെ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ മിനിട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിൽ സമയപരിധി പാലിക്കുന്നില്ലെന്ന് ശ്രദ്ധയിൽപ്പെട്ടു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	യോഗ തീയതി	സെക്രട്ടറി അംഗീകാരത്തിനായി അയച്ച തീയതി	അദ്ധ്യക്ഷൻ അപ്രൂവ് ചെയ്ത തീയതി
1	10.05.2024	04.12.2024	04.12.2024
2	26.06.2024	26.07.2024	26.07.2024
3	20.07.2024	29.03.2025	29.03.2025
4	30.07.2024	18.10.2024	18.10.2024
5	30.09.2024	04.12.2024	04.12.2024
6	04.12.2024	29.03.2025	29.03.2025
7	09.12.2024	01.04.2025	02.04.2025
8	31.12.2024	01.04.2025	02.04.2025
9	20.12.2024	28.04.2025	30.04.2025
10	21.01.2025	01.04.2025	02.04.2025
11	03.02.2025	01.04.2025	02.04.2025
12	14.02.2025	01.04.2025	02.04.2025
13	27.02.2025	21.04.2025	03.05.2025
14	06.03.2025	03.04.2025	22.04.2025
15	13.03.2025	02.04.2025	22.04.2025

നടപടിക്രമങ്ങളിൽ സുതാര്യതയും വേഗതയും ഉറപ്പാക്കുന്നതിനാണ് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയത്

എന്നിരിക്കെ യോഗങ്ങളുടെ മിനിട്സ് പൂർത്തിയാക്കുന്നതിൽ ഇത്രയധികം കാലതാമസം ഉണ്ടാകുന്നത് ഉചിതമല്ല. നിയമം അനുശാസിക്കുന്ന സമയ പരിധിക്കുള്ളിൽ മിനിട്സ് പൂർത്തീകരിക്കേണ്ടതാണ് ഭാവിയിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകാതിരിക്കുന്നതിനായി വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-36 തെരുവ് വിളക്ക് വാങ്ങൽ- നടപടിക്രമങ്ങളിൽ അപാകം

പ്രോജക്ട് നമ്പർ	80/24-25
പ്രോജക്ട്	തെരുവ് വിളക്ക് അനുബന്ധ സാധനങ്ങൾ വാങ്ങലും, തെരുവ് വിളക്ക് മെയിന്റനൻസും
അടങ്കൽ	500000 (വികസന ഫണ്ട്)
ചെലവ്	284768 (വികസന ഫണ്ട്.)
ബിൽ നമ്പർ	81452/23.12.2024, 197478 രൂപ 92662/18.01.2025, 87290 രൂപ
നിർവഹണോദ്യോഗസ്ഥൻ	സെക്രട്ടറി

പദ്ധതിയുടെ ഭാഗമായി ഇ-ടെണ്ടർ നടപടികളിലൂടെ 1400 എൽ.ഇ.ഡി ബൾബുകളും അനുബന്ധ സാധനങ്ങളും വാങ്ങി സ്റ്റോക്കിൽ ചേർത്തിരുന്നു. അവയിൽ 1247 ബൾബുകൾ വിവിധ ഇലക്ട്രിക് പോസ്റ്റുകളിൽ മാറിയിട്ടതായി 14 വാർഡുകളിലെയും മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. തെരുവിളക്കുകൾ വാങ്ങുന്നതിനും അവ പോസ്റ്റുകളിൽ സ്ഥാപിക്കുന്നതിനുമായി ടെണ്ടർ നടപടികൾ മുഖേന ശ്രീ. പി.സുധീരൻ, വടക്കുംഭാഗം ഇലക്ട്രിക്കൽ വർക്സ് എന്ന കരാറുകാരന് വർക്ക് ഓർഡർ നൽകിയിരുന്നു. തെരുവിളക്കുകളുടെ വിലയായി ഇൻവോയ്സ് നമ്പർ 144/12.12.2024 പ്രകാരം 1,97,478 രൂപയും, 1247 ബൾബുകൾ പോസ്റ്റുകളിൽ മാറിയിട്ടതിന് 70 രൂപ നിരക്കിൽ 87,290 രൂപയും ടിയാന് നൽകിയിട്ടുണ്ട്. എന്നാൽ 1400 ബൾബുകളും അനുബന്ധ ഉപകരണങ്ങളും സ്റ്റോക്കിൽ എടുത്തശേഷം അവ ഒത്തുനോക്കി കരാറുകാരന് കൈമാറുകയാണ് ചെയ്തിട്ടുള്ളത്. പോസ്റ്റുകളിൽ മാറ്റി സ്ഥാപിച്ചശേഷം ബാക്കിയായ 153 ബൾബുകളും അനുബന്ധ സാധനങ്ങളും കരാറുകാരൻ തിരികെ പഞ്ചായത്തിൽ ഏൽപിച്ചിട്ടില്ല. അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിയ് (36/02.00.2025) മറുപടിയായി, ബാക്കി ബൾബുകൾ 2025-26-ൽ പുതിയ പ്രോജക്ട് (159/20) നടപ്പാക്കുന്ന സന്ദർഭത്തിൽ ഉപയോഗിക്കുമെന്ന് അറിയിച്ചത് തൃപ്തികരമല്ല. റിപ്പയറിംഗ് ആവശ്യമുള്ളതനുസരിച്ച് ഘട്ടം ഘട്ടമായിട്ടായിരുന്ന സാധനസാമഗ്രികൾ കരാറുകാരന് കൈമാറേണ്ടിയിരുന്നത്.
കരാറുകാരന്റെ കൈവശം അവശേഷിച്ച ബൾബുകളും അനുബന്ധ സാമഗ്രികളും തിരികെ സ്റ്റോക്കിൽ വാങ്ങി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അതുവരെ ചെലവുക 2,84,768 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-37 ഹെൽത്ത് ഗ്രാന്റ് വിനിയോഗം- അവലോകനം

സ.ഉ.(സാധാ)നം.2132/2022/LSGD. തീയതി 31/08/2022 ഉത്തരവ് പ്രകാരം 2021-22-ലെ ആരോഗ്യ മേഖല ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ അറിയിച്ചിട്ടുണ്ട്. സ.ഉ.(സാധാ)നം.1625/2023/LSGD. തീയതി 09/08/2023 ഉത്തരവ് പ്രകാരം 2022-23-ലെ ആരോഗ്യ മേഖല ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും സ്കീം-1, സ്കീം-3, സ്കീം-4 എന്നിവ പ്രകാരമുള്ള ഗ്രാന്റും സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. 05/07/2022-ലെ പഞ്ചായത്ത് ഡയറക്ടറുടെ PAN.11134/2021-J1(DP) നടപടിക്രമങ്ങൾ പ്രകാരം സ്കീം-3 പ്രകാരമുള്ള രോഗനിർണ്ണയ സൗകര്യങ്ങൾക്കായും സ്കീം-4 പ്രകാരമുള്ള ഹെൽത്ത് & വെൽനെസ്സ് സെന്റർ എന്നിവയ്ക്കുള്ള അധിക ഇകയും അനുവദിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന് 2022-23, 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിലായി ലഭിച്ചതും ചെലവഴിച്ചതുമായ ഹെൽത്ത് ഗ്രാന്റിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമനം	ഇനം	ലഭിച്ച ഹെൽത്ത് ഗ്രാന്റ്			ആകെ	ചെലവഴിച്ച ഹെൽത്ത് ഗ്രാന്റ്			ആകെ	ബാലൻസ്
		2022-23	2023-24	2024-25		2022-23	2023-24	2024-25		
1	Support For Diagnostic Infrastructure	110000	793000	331090	1234000	110001	670555	0	780555	453445
2	Grant For Rural Health & Wellness Centres	236447	340000	541000	1117447	236447	340000	0	576447	541000
	ആകെ	346447	1133000	872000	2351447	346447	1010555	0	1357002	994445

ഗ്രാമപഞ്ചായത്തിൽ 4 സബ്സെന്ററുകളാണുള്ളത്. വെൺപാല, തലയാർ, വെസ്റ്റ് ഓതറ, മെയിൻ സെന്റർ എന്നിവിടങ്ങളിലായാണ് സബ്സെന്ററുകൾ പ്രവർത്തിക്കുന്നത്. ഇവയിൽ വെൺപാല സബ്സെന്ററിന് സ്ഥലമോ കെട്ടിടമോ ഇല്ലാത്തതിനാൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. തലയാർ സബ്സെന്റർ പഞ്ചായത്തിന്റെ കെട്ടിടത്തിൽ പ്രവർത്തിച്ച് വരുന്നു. മെയിൻ സെന്ററിലാണ് ലാബ് പ്രവർത്തിക്കുന്നത് മുപ്പതിലധി

വർഷം പഴക്കമുള്ള പി.എച്ച്.സി കെട്ടിടത്തിന്റെ ഒരു ഭാഗത്താണ് മെയിൻ സെന്റർ പ്രവർത്തിക്കുന്നത്. മെയിൻ സെന്റർ പ്രവർത്തിക്കുന്ന കെട്ടിടം കാലപ്പഴക്കത്താൽ ജീർണ്ണിച്ചതിനാൽ അൺഫിറ്റാണെന്ന് പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അവിടെത്തന്നെയാണ് മെയിൻ സെന്റർ പ്രവർത്തിക്കുന്നതെന്ന് സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടു. അപകടാവസ്ഥയിലുള്ള കെട്ടിടത്തിൽ നിന്നും മെയിൻ സെന്ററിന്റെ പ്രവർത്തനം അടിയന്തരമായി മാറ്റേണ്ടതാണ്.

തദ്ദേശ സ്വയം ഭരണ (എഫ്.എം) 3/138/2023, തീയതി 23/05/2023 സർക്കുലർ പ്രകാരം സ്ഥലമില്ലാത്ത ആരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി അഞ്ച് സെന്റിൽ കുറയാതെയുള്ള സ്ഥലം തദ്ദേശ സ്ഥാപനം ലഭ്യമാക്കേണ്ടതാണ്. വികസനഫണ്ട് (ജനറൽ), തനുഫണ്ട് എന്നിവ ഉപയോഗിച്ച് സ്ഥലം വാങ്ങാവുന്നതാണ്. എന്നാൽ ഈ ആവശ്യത്തിന് പദ്ധതിയിൽപ്പെടുത്തി സ്ഥലം വാങ്ങിയിട്ടില്ല. "Health Grant- Construction Of Sub Centers" എന്ന ഹെഡിൽ ഫണ്ട് ലഭിച്ചിട്ടില്ല. സബ് സെന്റർ കെട്ടിടനിർമ്മാണത്തിന് പദ്ധതികളൊന്നുമെടുത്ത് നിർമ്മാണങ്ങൾ നടത്തിയിട്ടില്ല.

Support For Diagnostic Infrastructure എന്ന ഇനത്തിൽ നൽകിയ ഇക ഉപയോഗിച്ച്. താഴെ പറയുന്ന പ്രവർത്തനങ്ങൾ സ്റ്റേ-3 പ്രകാരം ഗ്രാമപഞ്ചായത്തിൽ നടത്തിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾക്കായി നാളിതു വരെ ചെലവഴിച്ച ഇകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഇനം	ചെലവഴിച്ച ഇക 2022-23	2023-24	2024-25	ആകെ
1	ഉപകേന്ദ്രങ്ങളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.	118000	52765	0	170765
2	ഉപകേന്ദ്രങ്ങളിൽ 14 തരം ടെസ്റ്റുകളും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ 64 തരം ടെസ്റ്റുകളും ഏർപ്പെടുത്തുക.		179749	0	179749
3	ഉപകരണങ്ങൾ, കിറ്റുകൾ, റീയേജന്റ് എന്നിവ വാങ്ങുന്നതിനും ഇവ സൂക്ഷിക്കുന്നതിനുമുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തുക.	118447	414291	0	532738
4	ഉപകരണങ്ങളുടെ മെയിന്റനൻസ്		23750	0	23750
5	ലാബ് ടെക്നീഷ്യൻ, ഫിൽഡ് സ്റ്റാഫ് എന്നിവർക്ക് പരിശീലനം				
6	ലാബ് ഇല്ലാത്ത സ്ഥാപനങ്ങളിൽ പുതിയ ലാബ് ആരംഭിക്കൽ.				
	ആകെ	236447	670555	0	907002

സ്റ്റേ-4 പ്രകാരം Grant For Rural Health & Wellness Centres എന്ന ഇനത്തിൽ ലഭിച്ച ഗ്രാന്റ് ഉപയോഗിച്ച്. താഴെ പറയുന്ന പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിൽ നടത്തിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾക്കായി നാളിതു വരെ ചെലവഴിച്ച ഇക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഇനം	ചെലവഴിച്ച ഇക 2022-23	2023-24	2024-25	ആകെ
1	പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ	99573	240000	0	339573
2	ഇന്റർനെറ്റ് ചാർജ്	0	0	0	
3	ബോധവൽക്കരണ ക്ലാസ്സുകൾ	0	61500	0	61500
4	ജീവനക്കാർക്കും ആശാ വർക്കേഴ്സിനും ആരോഗ്യ പ്രവർത്തകർക്കും പരിശീലനം	0	0	0	
5	ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും സാമഗ്രികളും വാങ്ങുക.	10427	38500	0	48,927
	ആകെ	110000	340000	0	450000

ലഭ്യമായ ഫണ്ട് വിനിയോഗിച്ച്. പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടന്നതായി വിലയിരുത്തുന്നു. എന്നാൽ 2 സബ്സെന്ററുകൾക്ക് സ്വന്തം കെട്ടിടം ഇല്ല എന്നതും മെയിൻ സെന്ററിലെ സബ്സെന്ററിന്റെ കെട്ടിടം ജീർണ്ണിച്ചതും ഫിറ്റ്നെസ്സ് ഇല്ലാത്തതുമാണ് എന്നതും ശ്രദ്ധേയമാണ്. എന്നാൽ സബ്സെന്ററിന് വസ്തു കണ്ടെത്താൻ പഞ്ചായത്ത് ഇതുവരെ നടപടി സ്വീകരിച്ചില്ല എന്നത് അപാകതയാണ്. സബ്സെന്ററുകൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് പദ്ധതി തെറ്റെടുത്ത് അടിയന്തരമായി നടപ്പാക്കേണ്ടതാണ്.

1-38 ജലജീവൻമിഷൻ പദ്ധതി - നിർവ്വഹണം പാതിവഴിയിൽ മുടങ്ങി

ജലജീവൻമിഷൻ പദ്ധതിക്കായി 2020-21-ൽ 1,83,70,000 രൂപ അടങ്കൽ വകയിരുത്തിയ ഡീറ്റെയിൽഡ് പ്രൊജക്ട് റിപ്പോർട്ടിന് അംഗീകാരം വാങ്ങിയിരുന്നു. 4804 പേരെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. 31/03/2023 വരെ 46,64,469 രൂപ ഗ്രാമപഞ്ചായത്ത് വിഹിതം നൽകിയിട്ടുണ്ട്. 2023-24 മുതൽ ഈയിനത്തിൽ ഇക പദ്ധതിക്ക് കൈമാറിയിട്ടില്ല. ഗുണഭോക്തൃവിഹിതം പിരിച്ചെടുക്കുന്നതിനും നടപടികളുണ്ടായില്ല.

നാളിതുവരെ 2868 പേർക്ക് പദ്ധതി പ്രകാരം കടിവെള്ള കണക്ഷനുകൾ നൽകിയതായി ബന്ധപ്പെട്ട ഫയൽ വ്യക്തമാക്കുന്നു. വാട്ടർ അതോറിറ്റിയുടെ വാട്ടർ ടാങ്കിൽ നിന്ന് തന്നെയാണ് വെള്ളം ലഭ്യമാക്കുന്നത്. പദ്ധതിയുടെ ഭാഗമായി കിണറും വാട്ടർ ടാങ്കും സ്ഥാപിക്കുന്നതിനായി വസ്തു കണ്ടെത്തുന്നതിന് ഇതുവരെ കഴിഞ്ഞിട്ടില്ല. ഫണ്ടില്ലാത്തതിനാൽ നിലവിൽ പദ്ധതിയുടെ പൂർത്തീകരണ പ്രവർത്തനങ്ങൾ മുടങ്ങിയ നിലയിലാണ്.

പദ്ധതിക്കായി കിണറും വാട്ടർ ടാങ്കും സ്ഥാപിക്കുന്നതിന് വസ്തു വാങ്ങി നൽകുന്നതിനും പദ്ധതിയുടെ പൂർത്തീകരണത്തിനും നടപടിയുണ്ടാകേണ്ടതാണ്.

ഭാഗം -2

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 ജലസ്രോതസ്സിൽ മാലിന്യം നിക്ഷേപിച്ചത് കണ്ടെത്തിയെങ്കിലും പിഴ ഈടാക്കിയില്ല- വരവ് നഷ്ടം

ജലസ്രോതസ്സിൽ മാലിന്യം നിക്ഷേപിച്ചത് കണ്ടെത്തിയതിനെത്തുടർന്ന് ഉത്തരവാദിയിൽ നിന്ന് പിഴ ഈടാക്കുന്നതിന് പഞ്ചായത്ത് സെക്രട്ടറി നോട്ടീസ് നൽകി. എന്നാൽ പഞ്ചായത്ത് കമ്മിറ്റി ഈ വിഷയം പുനഃപരിശോധിച്ച്. പിഴ ഒഴിവാക്കി നൽകി.

ശ്രീ. ഷാജി കെ. ഹിദായത്ത് (മെമ്പർ), കനകക്കുന്നിൽ എന്ന വ്യക്തി മനുഷ്യവാസത്തിന് യോഗ്യമല്ലാത്ത കെട്ടിടങ്ങളിൽ അന്യസംസ്ഥാന തൊഴിലാളികളെ പാർപ്പിക്കുകയും ശുചീകരണമില്ലാതെയും പ്ലാസ്റ്റിക് മാലിന്യങ്ങളും കെട്ടിടത്തിന്റെ പരിസരങ്ങളിലും, പൊതു സ്ഥലങ്ങളിലും നിക്ഷേപിക്കുകയും, കെട്ടിടത്തിന് സമീപത്തുകൂടി ഒഴുകുന്ന തോട്ടിൽ വലിച്ചെറിയുകയും പ്ലാസ്റ്റിക് കൂട്ടിയിട്ട് കത്തിക്കുകയും ചെയ്തത് കണ്ടെത്തിയതിനെത്തുടർന്ന് കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 219-ലെ 219ബി, 219എച്ച്, 219എസ്, 219വി, 219ഡബ്ല്യു, 219എക്സ്, വകുപ്പ് 219എസ് (2)(i), (3)(i) എന്നിവ പ്രകാരം പിഴയുടുക 50,000 രൂപ ഒടുക്കണമെന്നാവശ്യപ്പെട്ട് ടിയാന് നോട്ടീസ് നല്കി. ഹെൽത്ത് വിഭാഗം സ്ഥലപരിശോധന നടത്തിയതിന്റെ റിപ്പോർട്ട്, മാലിന്യ നിക്ഷേപത്തിന്റെ ഫോട്ടോകൾ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ടിയാനിൽ നിന്നും പിഴയുടുക ഈടാക്കണമെന്ന് സെക്രട്ടറി ഫയലിൽ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി നടപടി പുനഃപരിശോധിച്ച്, ടിയാന് മറ്റൊരു സ്ഥലം വൃത്തിയാക്കുന്നതിന് ഒരു അവസരം കൂടി നൽകുവാനും തൽക്കാലം പിഴയിൽ നിന്ന് ഒഴിവാക്കാനും 10/05/2024-ലെ 1(1)-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തത് കേരള പഞ്ചായത്ത് രാജ് നിയമം, ശുചിത്വ മാലിന്യ പൈലോ എന്നിവയിലെ വ്യവസ്ഥകൾക്കെതിരാണ്.

മേൽസൂചിപ്പിച്ച പഞ്ചായത്ത് കമ്മിറ്റി യോഗത്തിൽ പങ്കെടുത്ത ജനപ്രതിനിധികളുടെ വിവരം ചുവടെ ചേർക്കുന്നു.

വാർഡിന്റെ പേര്	വാർഡ് നമ്പർ	പഞ്ചായത്ത് കമ്മിറ്റി യോഗത്തിൽ പങ്കെടുത്ത മെമ്പറുടെ പേര്
വെങ്കിപ്പാല	1	അനുരാധ സുരേഷ്
കരളിമംഗലം	2	പ്രവീൺ കുമാർ ടി
കുറ്റൂർ വടക്ക്	4	സാറാമ്മ കെ. വർഗ്ഗീസ്
ഇളകുറ്റൂർ	5	ആൽഫാ അന്നിണി ജേക്കബ്
പടിഞ്ഞാമ്പറ്റാതറ	6	ബിന്ദു കണ്ണമ്പേരിൽ
പടിഞ്ഞാറ്റാതറ കിഴക്ക്	7	സാലി ജോൺ
കോതവിരുത്തി	8	കെ.എ. ചാക്കോ
തെരുവുംകര	9	സിന്ധു ലാൽ
കുറ്റൂർ കിഴക്ക്	10	എൻ.ടി. എബ്രഹാം
തലയാർ	12	ശ്രീനിവാസൻ നായർ പി.എസ്.
കുറ്റൂർ പടിഞ്ഞാറ്	13	സന്ധ്യ കെ.ജി
തെങ്ങേലി	14	ജോ ഇലഞ്ഞിമൂട്ടിൽ

പഞ്ചായത്ത് കമ്മിറ്റിയിൽ പങ്കെടുത്ത ഒരു അംഗവും ഈ തീരുമാനത്തോട് വിയോജനം രേഖപ്പെടുത്തിയിട്ടില്ല. ക്രമവിരുദ്ധമായ ഈ തീരുമാനം കാരണം പിഴ ഇനത്തിൽ 50,000 രൂപ നഷ്ടം ഉണ്ടായതായും, ആയതിന് തീരുമാനമെടുത്ത പഞ്ചായത്ത് കമ്മിറ്റി യോഗത്തിലെ എല്ലാ അംഗങ്ങൾക്കും തുല്യ ഉത്തരവാദിത്തമുണ്ടെന്നും

വിലയിരുത്തുന്നു.

പിഴപ്പലിശ ഒഴിവാക്കി നല്കിയതിന്റെ കാരണം ആരാഞ്ഞ് ഓഡിറ്റ് എൻക്വയറി (നം-20/30.07.2025) നല്കിയിരുന്നു. ഇതിന് മറുപടിയായി, സെക്രട്ടറി നോട്ടീസ് നല്കിയതിനെ ഇടർന്ന് ടിയാൻ ടി സ്ഥലം വൃത്തിയാക്കിയെന്ന് രേഖാമൂലം അറിയിച്ചിരുന്നതായും ആയതിനാൽ, ടിയാളിൽ നിന്നും പിഴ ഈടാക്കിയില്ല എന്നും ലഭിച്ച വിശദീകരണം തൃപ്തികരമല്ല. വരവിനത്തിലുണ്ടായ നഷ്ടം മേൽസൂചിപ്പിച്ച പഞ്ചായത്ത് കമ്മിറ്റിയുടെ യോഗത്തിൽ പങ്കെടുത്ത എല്ലാ അംഗങ്ങളിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

ഭാഗം -3

ചെലവ്-വ്യക്തരായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

(KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം)

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ് പ്രീമിയം അടുക്ക് വിവരങ്ങൾ

മെഡിസെപ് പ്രീമിയം അടുക്ക് (റഗുലർ ജീവനക്കാർ)

കാലയളവ്	ജീവനക്കാരുടെ എണ്ണം*	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ അടുക്കിയ തുക	അടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
2024 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെ	14	35000	35000	ഇല്ല	
2024 സെപ്റ്റംബർ	15	7500	7500	ഇല്ല	
2024 ഒക്ടോബർ മുതൽ നവംബർ വരെ	13	6500	6500	ഇല്ല	
ഡിസംബർ 2024	15	7500	7500	ഇല്ല	
2025 ജനുവരി മുതൽ മാർച്ച് വരെ	13	19500	19500	ഇല്ല	
ആകെ		76000	76000		

* 01.04.2024 മുതൽ 31.03.2025 വരെ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് മാത്രം

മെഡിസെപ് പ്രീമിയം അടുക്ക് (01.04.2024 മുതൽ 31.03.2025 വരെ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ അടുക്കിയ തുക	അടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
1	7/24	6000	6000	0	തോലിയിൽ പ്രവേശിച്ച മാസം മുതൽ അടവാക്കി

4-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം

കടൂർ ഗ്രാമപഞ്ചായത്തിന്റെ 2024-25 വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 02/06/2025-ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച്, എയിംസ് സോഫ്റ്റ്വെയർ മുഖേന 05/06/2025-ന് ഓൺലൈനായി ഓഡിറ്റിന് ഹാജരാക്കി. ധനകാര്യ പത്രിക പരിശോധിച്ച് നിരീക്ഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയും, സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയും ഈ റിപ്പോർട്ടിൽ ചേർത്തിട്ടുണ്ട്.

4-3 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവ്
ബ്ലോക്ക് പഞ്ചായത്ത്	80000	190/25, അങ്കണവാടി സ്മാർട്ട് ആക്കൽ	80000
ബ്ലോക്ക് പഞ്ചായത്ത്	110000	17/25, മിനാശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	110000
ബ്ലോക്ക് പഞ്ചായത്ത്	273000	7/25, നെൽകൃഷി വികസനം 24-25	273000
ബ്ലോക്ക് പഞ്ചായത്ത്	100000	06/25, അങ്കണവാടി അനുപൂരക പോഷകാഹാരം	100000
ജില്ലാ പഞ്ചായത്ത്	200000	06/25, അങ്കണവാടി അനുപൂരക പോഷകാഹാരം	200000
ബ്ലോക്ക് പഞ്ചായത്ത്	200000	72/25, ലൈഫ് ഭവന പദ്ധതി - ജനറൽ	200000
ജില്ലാ പഞ്ചായത്ത്	640000	72/25, ലൈഫ് ഭവന പദ്ധതി - ജനറൽ	640000
ബ്ലോക്ക് പഞ്ചായത്ത്	76406	97/25, ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി	76406
ജില്ലാ പഞ്ചായത്ത്	300000	03/25, പെയിൻ ആന്റ് പാലിയേറ്റീവ് കെയർ	300000
ബ്ലോക്ക് പഞ്ചായത്ത്	27360	18/25, ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി	27360

4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

നിർവഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	ഗുണഭോക്താവ് നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
കേരള സംസ്ഥാന വൈദ്യുതി ബോർഡ്	ലൈൻ എക്സ്റ്റൻഷൻ	990218	0	990218

4-5 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

മൊബിലൈസേഷൻ അഡ്വാൻസ് ആയി തുക നൽകിയിട്ടില്ല.

4-6 വായ്പ/വായ്പാ തിരിച്ചടവ്

വായ്പയുടെ വിവരം	മുന്നിരിപ്പ്	ലഭിച്ച തുക	ആകെ	തിരിച്ചടവ്	തിരിച്ചടയ്ക്കാൻ ബാക്കി	
					മുതൽ	പലിശ
ലൈഫ് - കെ.യു.ആർ.ഡി.എഫ്.സി	372805	2280000	2652805	519388	2133417	

4-7 സ്ഥിരനിക്ഷേപം

ഇല്ല.

4-8 ഓഡിറ്റ് നിക്കുറി

ഓഡിറ്റ് നിക്കുറി ആയി തുക ലഭിച്ചിട്ടില്ല.

4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ

1394-ലെ കേരള മോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
1999-00	59	2003-04	3-3 (മറ്റ് പരാമർശങ്ങൾ)	കറ്റേ പി.എച്ച്.സി-ക്ക് ഫർണ്ണിച്ചർ വാങ്ങൽ	നിയമസഭാ സമിതിയുടെ പരിഗണനയിലാണ്
2014-15	2-2	2016-17	അദ്ധ്യായം-2 അനുബന്ധം -4	തൊഴിൽ നികുതി	നിയമസഭാ സമിതിയുടെ പരിഗണനയിലാണ്.
2015-16	2-2	2016-17	അദ്ധ്യായം-2 അനുബന്ധം-5	തൊഴിൽ നികുതി	നിയമസഭാ സമിതിയുടെ പരിഗണനയിലാണ്

4-10 ചാർജ്, സർചാർജ് നടപടികളിലൂടെ ഇക ഈടാക്കിയതിന്റെ വിവരം

ഓഡിറ്റ് വർഷം ചാർജ്, സർചാർജ് നടപടികളിലൂടെ ഇക ഈടാക്കിയിട്ടില്ല.

4-11 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം)

	റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം	(ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം
ഓഡിറ്റ് വർഷത്തെ ആകെ വരവ്	4,71,30,981 (മുനിസിപ്പൽ ഉൾപ്പടെ)	11,14,54,099
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	3,16,85,006	11,62,40,091
വരവിനങ്ങളിലുള്ള നഷ്ടം	50,000	
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത ഇക	ഇല്ല	
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ ഇക	3,04,820	

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	ഇക വരവിനങ്ങളിലുള്ള നഷ്ടം	ചെലവിനങ്ങളിലുള്ള നഷ്ടം	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
2-1	4167		അതരായ സുരേഷ്, 1-ാം വാർഡ് മെമ്പർ
	4167		പ്രവീൺ കുമാർ റ്റി., 2-ാം വാർഡ് മെമ്പർ
	4167		സാറാമ്മ കെ.വർഗ്ഗീസ്, 4-ാം വാർഡ് മെമ്പർ
	4167		ആൻഫാ അമ്മിണി ജേക്കബ്, 5-ാം വാർഡ് മെമ്പർ
	4167		ബിന്ദു കഞ്ഞുമോൻ, 6-ാം വാർഡ് മെമ്പർ
	4167		സാലി ജോൺ, 7-ാം വാർഡ് മെമ്പർ
	4167		കെ.എ.ചാക്കോ, 8-ാം വാർഡ് മെമ്പർ
	4167		സിസ്സു ലാൽ, 9-ാം വാർഡ് മെമ്പർ
	4167		എൻ.റ്റി.എബ്രഹാം, 10-ാം വാർഡ് മെമ്പർ
	4167		ശ്രീവല്ലഭൻ നായർ പി.എസ്, 12-ാം വാർഡ് മെമ്പർ
	4167		സന്തു കെ.ജി, 13-ാം വാർഡ് മെമ്പർ
	4167		ജോ ഇലഞ്ഞിക്കുടിൽ, 14-ാം വാർഡ് മെമ്പർ

തടസ്സപ്പെടുത്തിയ ഇക

ഖണ്ഡിക നമ്പർ	തടസ്സപ്പെടുത്തിയ ഇക	ഉത്തരവാദി ആയ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും
1-30	20052	ശ്രീമതി സുനിത ആർ. പണിക്കർ, സെക്രട്ടറി
1-36	284768	ശ്രീമതി സുനിത ആർ. പണിക്കർ, സെക്രട്ടറി

സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	സംസ്ഥാന സർക്കാർ ഫണ്ടിനുണ്ടായ നഷ്ടം	ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും
1-23	41600	ശ്രീമതി സുനിത ആർ പണിക്കർ , സെക്രട്ടറി

ഡി) നഷ്ടം നികത്തുന്നതിന് കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിതം മേൽവിലാസം

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
അനഘ സുരേഷ്, 1-ാം വാർഡ് മെമ്പർ	1-ാം വാർഡ് മെമ്പർ, കറ്റർ പഞ്ചായത്ത്	കന്നുകണ്ടത്തിൽ വീട്, വെൺപാല, വെൺപാല (പി.ഒ), 689102
പ്രവീൺ കുമാർ.റ്റി, 2-ാം വാർഡ് മെമ്പർ	2-ാം വാർഡ് മെമ്പർ, കറ്റർ പഞ്ചായത്ത്	കഴിപ്പടിക്കൽ, വെൺപാല, വെൺപാല (പി.ഒ), 689102
സാറാമ്മകെ.വർഗ്ഗീസ്, 4-ാം വാർഡ് മെമ്പർ	4-ാം വാർഡ് മെമ്പർ, കറ്റർ പഞ്ചായത്ത്	വഞ്ചിമലയിൽ, കറ്റർ, കറ്റർ (പി.ഒ), 689106
ആൽഫാ അന്നിണി ജേക്കബ്, 5-ാം വാർഡ് മെമ്പർ	5-ാം വാർഡ് മെമ്പർ, കറ്റർ പഞ്ചായത്ത്	കദിച്ചിറയിൽ വീട്, വെസ്റ്റ് ഓതറ, വെസ്റ്റ് ഓതറ (പി.ഒ), 689551
ബിജു കുഞ്ഞുമോൻ, 6-ാം വാർഡ് മെമ്പർ	6-ാം വാർഡ് മെമ്പർ, കറ്റർ പഞ്ചായത്ത്	ഇരുത്തിക്കോണത്ത് ഹൗസ്, വെസ്റ്റ് ഓതറ, വെസ്റ്റ് ഓതറ (പി.ഒ) 689551
സാലി ജോൺ, 7-ാം വാർഡ് മെമ്പർ	7-ാം വാർഡ് മെമ്പർ, കറ്റർ പഞ്ചായത്ത്	പുന്നവേലിൽ, വെസ്റ്റ് ഓതറ, വെസ്റ്റ് ഓതറ (പി.ഒ), 689551
കെ.എ.ചാക്കോ, 8-ാം വാർഡ് മെമ്പർ	8-ാം വാർഡ് മെമ്പർ, കറ്റർ പഞ്ചായത്ത്	കറ്റിയിൽ വീട്, വെസ്റ്റ് ഓതറ, വെസ്റ്റ് ഓതറ (പി.ഒ), 689551
സിന്ധു ലാൽ, 9-ാം വാർഡ് മെമ്പർ	9-ാം വാർഡ് മെമ്പർ, കറ്റർ പഞ്ചായത്ത്	പാലനിൽക്കുന്നതിൽ, വെസ്റ്റ് ഓതറ, വെസ്റ്റ് ഓതറ (പി.ഒ), 689551
എൻ.റ്റി.എബ്രഹാം, 10-ാം വാർഡ് മെമ്പർ	10-ാം വാർഡ് മെമ്പർ, കറ്റർ പഞ്ചായത്ത്	നെടുംതാമരയിൽ പുത്തൻപുരയ്ക്കൽ, കറ്റർ, കറ്റർ (പി.ഒ), 689106
ശ്രീവല്ലഭൻ നായർ പി.എസ്, 12-ാം വാർഡ് മെമ്പർ	12-ാം വാർഡ് മെമ്പർ, കറ്റർ പഞ്ചായത്ത്	ശ്രീവല്ലഭ സദനം, തായാർ, കറ്റർ (പി.ഒ), 689106
സന്തു കെ.ജി, 13-ാം വാർഡ് മെമ്പർ	13-ാം വാർഡ് മെമ്പർ, കറ്റർ പഞ്ചായത്ത്	കയ്യാലയ്ക്കത്ത്, കറ്റർ, തെങ്ങേലി (പി.ഒ), 689106
ജോ ഇലഞ്ഞിമൂട്ടിൽ, 14-ാം വാർഡ് മെമ്പർ	14-ാം വാർഡ് മെമ്പർ, കറ്റർ പഞ്ചായത്ത്	ഇലഞ്ഞിമൂട്ടിൽ, തെങ്ങേലി, തെങ്ങേലി (പി.ഒ), 689106
ശ്രീമതി സുനിത ആർ. പണിക്കർ, സെക്രട്ടറി	സെക്രട്ടറി, കറ്റർ ഗ്രാമപഞ്ചായത്ത്	ലക്ഷ്മി നന്ദനം, ഓമല്ലൂർ പി.ഒ പത്തനംതിട്ട, പിൻ - 689647

4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഓഡിറ്റ് റിപ്പോർട്ട് നമ്പർ	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1996-97	എൽ.എഫ്.പി/റ്റിഎ/പി3/395/98 തീയതി- 11.01.2000/13.03.2000	1 (1-26)
1998-99	എൽ.എഫ്.പി/റ്റിഎ/പി3/455/01 തീ. 09.11.2001/25.01.2002	10 (33, 44, 45, 55, 56, 57, 60, 61, 62, 69(f), (G), (H), (I), (J), (K), (M), (O), (P)
1999-2000	എൽ.എഫ്.പി/റ്റിഎ/പി4/610/02 തീ. 03.03.2003/19.04.2003	12 (25, 51, 52, 53, 54, 55, 56, 57, 58, 59, 64, 66, 67)
2000-01	എൽ.എഫ്.പി/റ്റിഎ/പി4/289/03 തീ. 09.10.2003/16.12.2004	13 (43 മുതൽ 55 വരെ)
2001-02	എൽ.എഫ്.പി/റ്റിഎ/പി4/582/04 തീ. 14.10.2004/14.02.2005	9 (2-13 മുതൽ 2-20 വരെ), 3(f)
2002-03 (ചെലവ്)	എൽ.എഫ്.പി/റ്റിഎ/പി8/535/06 തീ. 04.10.2006/06.08.2007	1 (2-4)
2003-04	എൽ.എഫ്.പി/റ്റിഎ/പി5/568/08 തീ. 30.05.2009	1 (3-2)
2006-07	എൽ.എഫ്.പി/റ്റിഎ/പി11/171/11 തീ. 30.8.2011	10 (3-11 To 3-15, 3-19, 3-21, 3-22, 3-25, 3-27)

2007-08 മുതൽ 2009-10 വരെ	എൽ.എഫ്.പി.റ്റി.എ/ഹ111/821/12 തീ. 19.10.2012/22.03.2013	2 (3-3, 3-7)
2010-11 മുതൽ 2012-13 വരെ	എൽ.എഫ്.പി.റ്റി.എ/ഹ111/1055/13 തീ. 16.10.2014	6 (3-5, 3-11, 3-12, 3-13, 3-22, 3-23)
2013-14 മുതൽ 2014-15 വരെ	എൽ.എഫ്.പി.റ്റി.എ.പി4/295/16 തീ. 28.03.16/01.04.16	4 (2-2, 3-3, 3-9, 4-2)
2015-16	കെ.എസ്.എ.പി.റ്റി.എ.പി4/1115/16/ തീ. 5.10.2016	13 (2-2, 3-1, 3-6, 3-10, 3-14, 3-16, 3-17, 3-18, 3-19, 3-21, 3-24, 3-25, 4-2)
2016-17	കെ.എസ്.എ.പി.റ്റ്.എ.പി4/1031/17 തീ. 15.09.17	12 (2-2, 2-5, 3-1, 3-3, 3-4, 3-5, 3-6, 3-7, 3-9, 3-10, 3-11, 4-2)
2017-18	കെ.എസ്.എ.പി.റ്റി.എ.പി4.1521/2018 തീയതി 12.12.2018	13 (2-1, 2-5, 3-1, 3-2, 3-3, 3-4, 3-6, 3-7, 3-12, 3-14, 3-15, 3-16, 4-2)
2018-19	ന.കെ.എസ്.എ.പി.റ്റി.എ.പി4-710/19 തീയതി 17.08.2019	18 (2-1, 2-3, 2-4, 2-6, 2-7, 2-8, 2-9, 3-1, 3-4, 3-11, 3-10, 3-12, 3-13, 3-14, 3-15, 3-16, 3-18, 4-1)
2019-20	കെ.എസ്.എ.പി.റ്റി.എ.പി4 - 609/2021 തീയതി 01.10.2021	12 (1-11, 1-12, 1-13, 1-14, 1-15, 1-17, 1-18, 1-20, 1-21, 2-1, 4-11, 4-11)
2020-21	കെ.എസ്.എ.പി.റ്റി.എ.പി4 - 610/21 തീയതി 02.10.21	21 (1-11, 1-12, 1-13, 1-13(1), 1-13(2), 1-14, 1-15, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27, 1-28, 1-29, 1-30, 4-11)
2021-22	കെ.എസ്.എ.പി.റ്റി.എ.പി4-1432/2022 തീയതി 14.02.2022	9 (1-12, 1-14, 1-15, 1-18, 1-19, 1-20, 1-24, 1-25, 1-26)
2022-23	കെ.എസ്.എ.പി.റ്റി.എ.പി4 - 906/2023 തീയതി 15.09.2023	8 (1-14, 1-16, 1-17, 1-18, 1-22, 1-24, 1-25, 1-27)
2023-24	കെ.എസ്.എ.പി.റ്റി.എ.പി4 -1110/2024 തീയതി 01.11.2024	14 (1-11, 1-13, 1-14, 1-15, 1-19, 1-21, 1-22, 1-24, 1-25, 1-28, 1-30, 1-31, 1-34, 3-1

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട

Annexure 1

Audit Certificate

I. I have audited the attached Financtal statements approved vide resolution number I(t) dated 02-06-2025 and submitted on 05-06-2025 , comprising of Receipt aed Payment statement,Income and Expenditure account for the year ended on March 2025 and Balance sbeet as on 31-03- 2025 , with supporting Forms, of the KUTTOOR Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commisston and otber funding agencies from time to time. Preparation of these accounts is the responsibility of the PRIs manngement. My responsibility is to express an opinion on these accounts based on my Financial Audit.

II. I have conducted my Financial Audit in accordance with auditing standards issued hy C&AG of India aed Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to ohtain reasonable assurance whether tbe financial statements are free from material misstatements. An andit includes examining evidences sepporting the amounts and disciosures in the financial statements. An audit also includes assessing the accounting principles used und significant estimates mabe, as weil as evaluating the overall presentation of accounts. I believe thal my andit provides a reasonable basis fer my opinion.

III. On the hasis of the information and explahations that I required and have obtained, and according (o the best of my information as a resulL of Financial Audit of the accounts and on consideration of explanations given,

Qualified opinion

I certify that, subject to my observations in tbe appendnd report and audit report, excopt for the matters described in the basis for qualified opinion in the apponded report and sopject to other observations theroin, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial posilion of KUTTOOR Grama Panchayat as on 31-03-2025

Date: 19/09/2025

Deputy Director
District Office Pathanamthitta
Kerala State Audit Department

Audit Report appended to the Aodit Certificate of KUTTOOR Grama Panchayat for the Year 2024-2025 .

1.Major Observations

1. Asset register is not comprehensive. Hence the value of assets included in the balance sheet does not match with the asset register.

2.Other Observations

1. Cashflow Statement - Net increase in Cashflow(Rs.4153346) does not match with the difference between the opening balance and closing balance of cash and cash equivalents of Rs.565626

2. Lapses in making timely aed accurate demand entries in respect of tax and non tax revenues. The figure shown in the accounts as demand of professional tax and licence fees do not match with the demand registers.

3. Schedule B-/: Since the Advance Register was not kept properly, the accuracy of the balance of advance amounts given under various categories and amounts deposited with agencies like KWA and KSEB cannot be ascertained.

4. Capital Contribution: Details of opening balance as on 01-04-2024 are not available on a fund basis and financial year basis. Records are not maintained to show the opening balance of capital contribution on a fund basis.

5. The honorarium of the Panchayath members for the month of March 2025 and the contingent expenses up to 31-03-2025 were not adjusted as Payable in 2024-25 and accounted for. As per Rule 27 of the Kerala Panchayat Raj (Accounts) Rules, 2011, the respective annual expenses were to be adjusted as Payable at the end of the year.

6. The beneficiary share, which is directly spent by beneficiaries in the annual plan, is not accounted for as part of the annual financial statement.

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ കറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-Iൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്